നം.എൽ.എഫ്.ഇ(സി.1).1659/10.

ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, സിവിൽ സ്റ്റേഷൻ,
കാക്കനാട്,
തീയതി: 27.03.2013

**എറണാകുളം ജില്ലാപഞ്ചായത്തിന്റെ 2007-2008 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4)-ാം വകുപ്പ്, 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും } ശ്രീമതി.കെ.കുമാരി
ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

**ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ**

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2007-2008 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

പഞ്ചായത്ത് 1.4.2007 മുതൽ 31.03.2008 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം (വരവ്/ചെലവ്/ വാർഷികം) | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരം |
|---|---|---|
| 15.2.2010മുതൽ 20.2.2010 വരെ | 2007-08 | ശ്രീ.പി.എ.രഘുനന്ദനൻ,ഓഡിറ്റ് ഓഫീസർ |
| **10.5.2010മുതൽ 15.5.2010വരെ** | വരവ് ചെലവ് | ശ്രീമതി.എം.വി.സിനി,ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ബിന്ദു.എസ്.നായർ, ഓഡിറ്റർമാർ<br>ശ്രീ.എസ്.ജയകൃഷ്ണൻ, ,,<br>ശ്രീ.സി.എ.സന്തോഷ്, ,,<br>ശ്രീ. സി.എം.റഷീദ്, ,, |
| **8.6.2010മുതൽ 1.6.2010വരെ**<br>**6.7.2010 മുതൽ 10.7.2010 വരെ** | | |
| **16.8.2010മുതൽ 21.8.2010വരെ** | | |
| **20.9.2010മുതൽ 25.9.2010വരെ** | | |

**നിർവ്വഹണാധികാരികൾ**

പ്രസിഡന്റ്: ശ്രീമതി.പി.എസ്.ഷൈല,1.4.2007 മുതൽ 31.3.2008വരെ

സെക്രട്ടറി ശ്രീ.ജി.സുകുമാരൻ,1.4.2007 മുതൽ 31.3.2008വരെ

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ 4 ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും

ഭാഗം 2: വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ : പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും : പഞ്ചായത്തിന്റെ വിവിധ ഇനങ്ങളിൽ ഉള്ളതും ഓഡിറ്റിൽ പരിശോധനക്ക് വിധേയമാക്കിയതുമായ വാർഷിക കണക്കുകളെ സംബന്ധിച്ച വിവരങ്ങൾ, സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധപത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്

Local Fund Audit Department

**ഭാഗം 1: പൊതു അവലോകനം**

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2007-2008 വർഷത്തെ ബഡ്ജറ്റ് 29.3.2007ൽ കൂടിയ പഞ്ചായത്ത് യോഗം അംഗീകരിക്കുകയുണ്ടായി. അംഗീകരിച്ച ബഡ്ജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് 35,26,90,500/-രൂപയും ആകെ ചെലവ് 33,42,03,300/-രൂപയുമാണ്.

ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം 2007-2008 വർഷത്തെ ആകെ വരവ് 35,03,74,613/-രൂപയും ആകെ ചെലവ് 30,57,00,707/-രൂപയുമാണ്. പഞ്ചായത്തിന്റെ തനത് വിനിയോഗത്തിനു ലഭിച്ച യഥാർത്ഥ വരവ് (ഋണബാദ്ധ്യത കഴിച്ചുള്ള വരവ്) 34,30,74,438/-രൂപയാണ്.

സാമ്പത്തിക വർഷത്തെ ആകെ വരവിൽ സർക്കാരിൽ നിന്നും വിവിധ സ്ഥാപന ങ്ങളിൽ നിന്നും ധനസഹായമിനത്തിൽ ലഭിച്ച 33,80,66,892/-രൂപയും ഗുണഭോക്തൃ വിഹിതമിനത്തിൽ ലഭിച്ച 14,200/-രൂപയും പഞ്ചായത്തിന്റെ തനത് വരുമാനമായ 50,07,546/-രൂപയും ഉൾപ്പെടുന്നു. (വിശദവിവരത്തിന് ഭാഗം 4 കാണുക)

മേൽ പറഞ്ഞ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയതിൽ 15,813/- രൂപ പഞ്ചായത്തിന്റെ വരവ് ഇനങ്ങളിൽ നഷ്ടമുണ്ടായതായും 1,99,261/-രൂപ ഓഡിറ്റിൽ അംഗീകരിക്കാൻ സാധിക്കാത്ത വിധത്തിൽ ചെലവ് ചെയ്തതായും കാണുന്നു. കൂടാതെ വിവിധ കാരണങ്ങളാൽ 6,98,28,198/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. (വിശദ വിവരത്തിനായി ഈ റിപ്പോർട്ടിന്റെ 2,3 എന്നീ ഭാഗങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട മറ്റ് പൊതുവായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷത്തിൽ മുന്നിരുപ്പ് ഉൾപ്പെടെ ആകെ ലഭ്യമായ പദ്ധതിവിഹിതം (18,69,45,848/-രൂപ)ത്തിന്റെ 76.66%ഉം മെയിന്റനൻസ് ഗ്രാന്റിന്റെ (83460784/-രൂപ) 62.59%ഉം ചെലവഴിച്ചിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റിൽ തന്നെ റോഡിതര വിഭാഗത്തിൽ ആകെ ലഭ്യമായിരുന്ന 4,00,00,326/-രൂപയുടെ 24.85% (അതായത് 99,40,064/-രൂപ)മാത്ര മാണ് ചെലവഴിച്ചത്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്.ജി.ആർ.വൈ.പദ്ധതിയിൽ മുന്നിരുപ്പായ 1,08,27,342/-രൂപ തൻവർഷം ലഭിച്ച 2,02,98,555/-രൂപയും പലിശയുമടക്കം ആകെ ലഭ്യ മായ 3,15,42,383/-രൂപയിൽ 1,52,35,600/-രൂപ മാത്രമാണ് ചെലവഴിച്ചത്. അതായത് ആകെ ലഭ്യമായ തുകയുടെ 48.38%മാത്രമാണ് ചെലവ് പദ്ധതി നിർത്തലാക്കിയതിനെ തുടർന്ന് 17.10.2008, 9.01.2009 തിയതികളിൽ ബാക്കിയുണ്ടായിരുന്ന തുക തിരികെ അടക്കു കയുണ്ടായി. ഇതു കൂടാതെ കേന്ദ്രവിഹിതമായി ലഭിച്ച ഭക്ഷ്യധാന്യവും ലാപ്സാക്കുക യുണ്ടായി. വിശദ വിവരങ്ങൾക്ക് ഖണ്ഡിക 3.25 കാണുക.

ഓഡിറ്റ് വർഷത്തിൽ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി, കേരളാ വാട്ടർ അതോറിറ്റി,കേരള സംസ്ഥാന വിദ്യൂച്ഛക്തി ബോർഡ്, കേരള ഊർജ്ജ സംരക്ഷണ മിഷൻ തുടങ്ങിയ സ്ഥാപനങ്ങൾക്ക് മുൻകൂറായി പദ്ധതിപ്പണം നൽകിയിരുന്നു എങ്കി ലും, പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തിയിരുന്നില്ല. പദ്ധതി പൂർത്തീകരണം സംബന്ധിച്ച രേഖകളും ജില്ലാ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല.

ഖരമാലിന്യ നിർമ്മാജ്ജന പദ്ധതിയ്ക്കായി ബയോടെക് എന്ന സ്ഥാപനത്തിന് 1,19,10,000/-രൂപ നൽകിയെങ്കിലും നാളിതുവരെ പദ്ധതി പൂർത്തിയാക്കിയിട്ടില്ല. സർക്കാ രിതര ഏജൻസിയ്ക്ക് പദ്ധതി നടത്തിപ്പിനായി മുൻകൂർ പണം അനുവദിച്ച നടപടി അംഗീകരിക്കാനാവില്ല. വിശദ വിവരങ്ങൾക്ക് ഖണ്ഡിക 3-11 കാണുക. മെയിന്റനൻസ് ഗ്രാന്റിൽ നിന്നും വിവിധ പഞ്ചായത്തുകളിലെ സർക്കാർ സ്കൂളുകളുടെ അറ്റകുറ്റപ്പണി യ്ക്കായി തുക വകയിരുത്തിയിരുന്നു എങ്കിലും സമയബന്ധിതമായി പദ്ധതി പൂർത്തിക രിയ്ക്കുന്നതിൽ കമ്മിറ്റിയുടെ ഭാഗത്തുനിന്നും വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നതായി കാണുന്നില്ല.

Local Fund Audit Department

സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷന് 30,00,000/-രൂപയും അപ്പാരൽ ട്രെയിനിംഗ് ആന്റ് ഡിസൈനിംഗ് സെന്റർ സ്ഥാപിക്കുന്നതിന് 18,00,000/-രൂപ, പ്രോജക്ട് ഡയറക്ടർ ദാരിദ്ര്യനിർമ്മാജ്ജന യൂണിറ്റ് എറണാകുളത്തിനും നൽകുകയുണ്ടായി എങ്കിലും മേൽ പദ്ധതികൾ സംബന്ധിച്ച പ്രവർത്തനങ്ങൾ ഒന്നും നടന്നതായി കാണുന്നില്ല. ഖണ്ഡിക 3-9, 3-10 കാണുക.

പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള, ഒക്കൽ, നേര്യമംഗലം മുതലായ കാർഷിക ഫാമുകളിൽ നിന്നുള്ള വരുമാനം യഥാസമയം അക്കൗണ്ടിൽ നിക്ഷേപി യ്ക്കാതെ മാസങ്ങളോളം കൈവശം സൂക്ഷിക്കുന്നതായി കാണുന്നു. ഇത് പൊതു പണത്തിന്റെ താല്കാലിക ദുരൂപയോഗത്തിന് ഇടയാക്കുന്നു. ആയതിനാൽ ഇത്തരത്തി ലുള്ള പണം ജില്ലാ പഞ്ചായത്തിന്റെ അറിവോടെ തദ്ദേശീയമായ സഹകരണ ബാങ്കിലോ ദേശസാൽകൃത ബാങ്കിലോ നിക്ഷേപിയ്ക്കുവാനും സമയബന്ധിതമായി ജില്ലാ പഞ്ചാ യത്ത് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിയ്ക്കുവാനുമുള്ള നടപടി സ്വീകരിയ്ക്കേണ്ടതാ ണ്. ഫാമിലെ ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം ലേലം ചെയ്യുന്നതിൽ, തൃപ്തികര മായ രീതിയിൽ വരുമാനം ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ലേല നട പടികൾ ആരംഭിയ്ക്കുന്നതിനു മുമ്പുതന്നെ മുൻവർഷത്തെ വരുമാനം ശരിയായ രീതി യിൽ തിട്ടപ്പെടുത്തേണ്ടതാണ്.

പൊതുമരാമത്ത് പണികൾ സംബന്ധിച്ച ഫയലുകളിൽ എസ്റ്റിമേറ്റ് റിപ്പോർട്ട് വിശ ദമായ എസ്റ്റിമേറ്റ്, ഡേറ്റ മുതലായവ എസ്റ്റിമേറ്റിനോടൊപ്പം ഫയലിൽ സൂക്ഷിച്ചുകാണു ന്നില്ല. ഇത് മരാമത്ത് പണികൾ സംബന്ധിച്ച ബില്ലുകളുടെ പരിശോധനയ്ക്ക് ബുദ്ധിമു ട്ടുണ്ടാക്കിയിട്ടുണ്ട്. ആയതിനാൽ മരാമത്ത് പണികൾ സംബന്ധിച്ച ഫയലുകളിൽ എസ്റ്റിമേറ്റ് റിപ്പോർട്ട്, വിശദമായ എസ്റ്റിമേറ്റ്, ഡേറ്റ ഇവ ഫയലിൽ സൂക്ഷിക്കുവാൻ പ്രത്യേക നിർദ്ദേശം നൽകേണ്ടതാണ്.

Local Fund Audit Department

## ഭാഗം 2:

## വരവു കണക്കുകളിന്മേലുള്ള - ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ലേല രജിസ്റ്റർ /ഫലവൃക്ഷങ്ങളെ സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

ജില്ലാ പഞ്ചായത്തിന്റെ ഒക്കൽ,നേര്യമംഗലം,ആലുവ ഫാമുകളിലെ ഫലവൃക്ഷ ങ്ങളിൽ നിന്നുള്ള ആദായം മറ്റിനങ്ങൾ എന്നിവ ലേലം ചെയ്യുന്നതു സംബന്ധിച്ച് അതാത് സ്ഥലങ്ങളിൽ ഒരു ലേല രജിസ്റ്റർ എഴുതി സൂക്ഷിച്ചതായി കാണുന്നില്ല. ആയ തിനാൽ ഏതെല്ലാം ഇനങ്ങളാണ് ലേലം നടത്തിയിട്ടുള്ളത് എന്ന് പൂർണ്ണമായും പരി ശോധിക്കുവാൻ കഴിയുന്നില്ല. മേൽ സാഹചര്യത്തിൽ ലേലം സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും ലേലം ചെയ്യേണ്ട ഇനങ്ങൾ ഏതെല്ലാമെന്ന് നിശ്ചയിച്ച് എല്ലാ ലേലങ്ങളുടെയും പൂർണ്ണവിവരങ്ങൾ ലേല രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ ഫാമുകൾക്ക് വ്യക്തമായ നിർദ്ദേശം നൽകേണ്ടതും ലേല രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

കൂടാതെ ഫാമിലെ വൃക്ഷങ്ങളുടെയും മറ്റും പൂർണ്ണ വിവരം കാണിക്കുന്ന രജിസ്റ്ററും എഴുതി സൂക്ഷിക്കേണ്ടതാണ്.

**2-2 നേര്യമംഗലം-ഫാം-ജാതിമരങ്ങളിൽ നിന്നുള്ള ആദായ ലേലം ചെയ്തത്-ലേല വ്യവസ്ഥകൾ പാലിച്ചില്ല-ജില്ലാ പഞ്ചായത്തിന് നഷ്ടം**

നേര്യമംഗലം ഫാമിലെ ഏകദേശം 450 ജാതി മരങ്ങളിൽ നിന്നുള്ള ആദായം എടുക്കുന്നതിന് (2007 വർഷത്തേയ്ക്ക്) 3.4.2007ൽ നടത്തിയ ലേലത്തിൽ ഏറ്റവും കൂടുതൽ തുകയായ 1,30,001/-രൂപ ക്വാട്ട്ചെയ്ത ശ്രീ.പി.എ.അസീസ്,പാമ്പ്ര,നേര്യമംഗലം പേരിൽ അവകാശം അനുവദിക്കുകയുണ്ടായി. ലേല വ്യവസ്ഥ പ്രകാരം വിത്തുഗുണമുള്ള 10,000എണ്ണം ജാതിക്ക സൗജന്യമായി ഫാമിന് ലേലക്കാരൻ നൽകേണ്ടതാണ്. എന്നാൽ ടിയാൻ 2125എണ്ണം മാത്രമാണ് നൽകിയതെന്ന് സ്റ്റോറിന്റെ ചുമതലയുള്ള കൃഷി അസിസ്റ്റന്റ് 14.12.2007ൽ എഴുതി നൽകിയതായി കാണുന്നു. ലേലക്കാരനിൽനിന്ന് കരാറിലെ വ്യവസ്ഥ പ്രകാരമുള്ള ജാതിക്കയോ ആയതിന്റെ വിലയോ ഈടാക്കുവാൻ നടപടി സ്വീകരിച്ചു കാണുന്നില്ല. മേൽ സാഹചര്യത്തിൽ ബാക്കി നൽകേണ്ട 7875എണ്ണം ജാതിക്കയോ, ജാതിക്കയുടെ, ഈടാക്കുന്ന സമയത്തെ കമ്പോളവിലയോ ക രാറുകാരനിൽ നിന്നും ഈടാക്കി ജില്ലാ പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

**2-3 കാർഷികോല്പന്നങ്ങളുടെ ലേല വരുമാനത്തിൽ ഗണ്യമായ കുറവ് സംഭവിക്കുന്നു.**

ഫാമിലെ കാർഷികോല്പന്നങ്ങളുടെ ഉൽപാദനത്തിലും ലേലതുകയിലും മുൻവർഷത്തെ അപേക്ഷിച്ച് ഗണ്യമായ കുറവ് സംഭവിക്കുന്നതായി കാണുന്നു. കാർഷിക വിളകളുടെ ഉല്പാദനത്തിൽ ഉണ്ടാകുന്ന കുറവുമൂലമാണ് ലേലതുകയിൽ കുറവ് വരുന്നതെന്നാണ് വിശദീകരണം സർക്കാർ ഉടമസ്ഥതയിലുള്ളതും എല്ലാവിധ സൗകര്യങ്ങളും സാങ്കേതികവിദഗ്ധരുടെ സേവനവും ലഭ്യമായ ഇത്തരം ഫാമുകളിലെ കാർഷിക ഉല്പാദനത്തിലുണ്ടാവുന്ന കുറവ് ഗൗരവപൂർവം നിരിക്ഷിയ്ക്കേണ്ടതും ആയതിന് കാരണം കണ്ടെത്തി പരിഹാരം കാണേണ്ടതുമാണെന്ന് ഓഡിറ്റ് അഭിപ്രായമെപ്പടുന്നു. ഇക്കാര്യത്തിൽ ഭരണസമിതിയുടെയും വകുപ്പിന്റെയും പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്.

**2-4 ഒക്കൽ സീഡ് ഫാം-കളക്ഷൻ തുക അടവാക്കുന്നതിൽ അപാകതകൾ**

ഒക്കൽ സീഡ് ഫാമിലെ പ്രതിദിന കളക്ഷൻ തുക ഏതാണ്ട് ഒരു മാസം കൂടുമ്പോഴാണ് ജില്ലാ പഞ്ചായത്തിൽ അടവാക്കുന്നത്. അതുവരെ പണം കൈയിൽ സൂക്ഷിക്കുകയാണ് ചെയ്യുന്നത്. ഇത് കൂടാതെ കളക്ഷൻ തുക അടവാക്കുമ്പോൾ തൊട്ടുമുൻ ദിവസംവരെ ലഭിച്ച കളക്ഷൻ അടയ്ക്കാതെ രണ്ടുമൂന്നുദിവസങ്ങളിലെ പണം കൈയിൽ സൂക്ഷിച്ചാണ് അടയ്ക്കുന്നത് ചില ഉദാഹരണങ്ങൾ താഴെ പറയുന്നു.

1) 18.5.2007ന് തുക അടച്ചപ്പോൾ 14.5.2007വരെയുള്ള തുകയാണ് അടവാക്കിയത് 15 മുതൽ 17വരെയുള്ള 9,523/-രൂപ അപ്പോൾ കൈവശം ഉണ്ടായിരുന്നു.
2) 10.10.2007ന് തുക അടച്ചപ്പോൾ 5.10.07വരെയുള്ള തുകയാണ് അടവാക്കിയത്.

Local Fund Audit Department

6 മുതൽ 9 വരെയുള്ള 4,485/-രൂപ കൈയിൽ സൂക്ഷിച്ചു.

3) 4.2.2008ന് തുക അടച്ചത് 31.1.2008വരെയുള്ള കളക്ഷനായിരുന്നു. 1,2 തിയതികളിലെ 16,395/-രൂപ അടവാക്കിയില്ല.

4) 20.2.2008ന്, 9.2.2008വരെയുള്ള കളക്ഷൻ തുക മാത്രമാണ് അടവാക്കിയത്. അപ്പോൾ 11 മുതൽ 18വരെയുള്ള കളക്ഷൻ തുകയായ 17,730/-രൂപ കൈവശമുണ്ടായിരുന്നു.

മാസത്തിൽ ഒരിക്കൽ മാത്രം തുക അടവാക്കുന്നതിന് കാരണമായി പറഞ്ഞത്. ഒക്കലിൽ നിന്നും ജില്ലാ പഞ്ചായത്തിലേക്കുള്ള ദൂരം കൂടുതലാണ് എന്നതാണ്. എന്നാൽ കളക്ഷന്റെ ഒരു ഭാഗം കൈയിൽ വച്ച് ബാക്കി തുക അടവാക്കിയതിന് പ്രത്യേകം വിശദീകരണം നൽകിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റിന്റെ അഭിപ്രായം താഴെ പറയുന്നു.

1) അധിക ദിവസങ്ങളിലേക്ക് പണം കൈയിൽ സൂക്ഷിക്കുന്നത് ശരിയല്ല. ഇത് സാമ്പത്തിക ക്രമക്കേടിന് കാരണമായേക്കാം. ആയതിനാൽ തുക ജില്ലാ പഞ്ചായത്തിന്റെ അറിവോടെ തദ്ദേശിയമായ സഹകരണ ബാങ്കിലോ, ദേശസാൽകൃത ബാങ്കിലോ തൊട്ടടുത്ത ദിവസംതന്നെ നിക്ഷേപിക്കുവാനും സമയബന്ധിതമായി ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിയ്ക്കുവാനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേയ്ക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

Local Fund Audit Department

2-5 **<u>പഴയ കെട്ടിടങ്ങൾ ലേലം ചെയ്തത് നികുതി ഈടാക്കിയില്ല</u>**

1) കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ ജീർണ്ണാവസ്ഥയിലുള്ള കടുങ്ങല്ലൂർ ജി.എച്ച്.എസ്.കെട്ടിടം ലേലം ചെയ്യുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 30.4.2007ന് നടന്ന ലേലത്തിൽ ഏറ്റവും കൂടിയ തുകയായ 32,000/-രൂപ വിളിച്ച ഇ.ആർ.സനലൻ,എട്ടുപറയിൽ, നീറിക്കോട് എന്നയാളുടെ പേരിൽ ലേലം ഉറപ്പിക്കുകയും, 29.5.2007ലെ 41-ാംനമ്പർ രസീതുപ്രകാരം തുക ജില്ലാ പഞ്ചായത്തിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലേലക്കാരനിൽ നിന്നും നികുതി തുക ഈടാക്കിയില്ല. ലേലക്കാരനിൽ നിന്നും 12.5% നികുതി തുകയായ 40,00/-രൂപ ഈടാക്കുകയോ, അതല്ലെങ്കിൽ ഉത്തരവാദിയായ സ്കൂൾ ഹെഡ് മാസ്റ്ററിൽ നിന്നും തുക ഈടാക്കി സർക്കാരിലേക്ക് അടക്കുകയോ ചെയ്യേണ്ടതാണ്.

2) കടവൂർ ഗവ.വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂളിലെ അപകടാവസ്ഥയിലുള്ള കെട്ടിടം ലേലം ചെയ്യുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ തുകയായ 61,000/-രൂപയ്ക്ക് ഉറപ്പിച്ചു നൽകുവാൻ 23.8.2007ലെ Iസി(4)-ാംനമ്പർ തീരുമാനപ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ തുക, 6.9.2007ലെ 11-ാം നമ്പർ രസീതു പ്രകാരം അടവാക്കിയെങ്കിലും ലേലക്കാരനിൽ നിന്നും വില്പന നികുതി ഈടാക്കിയതായി കാണുന്നില്ല. ലേലക്കാരനിൽ നിന്നും 12.5% നിരക്കിൽ നികുതി തുകയായ 7,625/-രൂപ ഈടാക്കുകയോ അല്ലെങ്കിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

3) മുളന്തുരുത്തി ഗവ.ഹയർ സെക്കന്ററി സ്കൂളിലെ പഴയ കെട്ടിടം ലേലം ചെയ്യുവാൻ തീരുമാനിച്ചതിൽ ഏറ്റവും കൂടുതൽ തുകയായ 33,500/-രൂപയ്ക്ക് ഉറപ്പിച്ചു നൽകുവാൻ 5.9.2007ൽ കൂടിയ കമ്മിറ്റി തീരുമാനിച്ചു. (തീരുമാനം നമ്പർ I(ബി)9)

മേൽ തുക 6.10.2007ലെ 30-ാം നമ്പർ രസീത് പ്രകാരം അടവാക്കിയെങ്കിലും വില്പന നികുതി ഈടാക്കിയില്ല. ലേലക്കാരനിൽ നിന്നും 12.5% നിരക്കിൽ 4,188/-രൂപ ഈടാക്കു കയോ അല്ലെങ്കിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരി ലേക്ക് അടവാക്കേണ്ടതാണ്.

## ഭാഗം-3 ഓഡിറ്റ്

## ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 **എച്ച്.ആർ.എ, സി.സി.എ കുടിശ്ശിക നൽകിയത് നിരാകരിക്കുന്നു 1,25,497/-രൂപ**

സർക്കാർ ഉത്തരവ് നമ്പർ (പി)572/07(83)ഫിൻ തീയതി 29.11.2007 പ്രകാരം കാക്കനാട് സിവിൽസ്റ്റേഷനിലെ ജീവനക്കാർക്ക് ബി2ക്ലാസ് സിറ്റികളിൽ അനുവദനീയമായ നിരക്കിൽ വീട്ടുവാടക ബത്തയും ഉത്തരവ് നമ്പർ (എം.എസ്)617/07(89)ഫിൻ

തിയതി: 29.12.2007 പ്രകാരം സി.സി.എ.യും കുടിശ്ശിക സഹിതം നൽകുന്നതിന് ഉത്തരവായപ്പോൾ ജില്ലാ പഞ്ചായത്തിലെ ജീവനക്കാർക്കും ഇതേ നിരക്കിൽ എച്ച്.ആർ.എ,സി.സി.എ.എന്നിവ നൽകുകയും ആയതിന് 3/06 മുതൽ കുടിശ്ശിക നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ഈ ഉത്തരവ് സിവിൽസ്റ്റേഷനിലെ മതിൽകെട്ടിനകത്ത് പ്രവർത്തിക്കുന്ന ഓഫീസിലെ ജീവനക്കാർക്ക് മാത്രമെ ബാധകമാകുന്നുള്ളൂ. (ഇത് സർക്കാർ പിന്നീട് സ്പഷ്ടമാക്കിയിട്ടുമുണ്ട്). ആയതിനാൽ ക്രമവിരുദ്ധമായി നൽകിയ കുടിശ്ശിക തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കി, ജില്ലാ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. ക്രമവിരുദ്ധമായി വാങ്ങിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ/ തിയതി | ലഭിച്ച ആളുടെ പേര്/ ഉദ്യോഗപ്പേര് | എച്ച്. ആർ. എ. | ചെക്ക് നമ്പർ/ തിയതി | സി. സി.എ | ചെക്ക് നമ്പർ/ തിയതി |
|---|---|---|---|---|---|
| 33-1/08 8.1.2008 | ജി.സുകുമാരൻ,സെക്രട്ടറി | 18,450 | 552668/8.1.08 | - | - |
| 34-1/08 8.1.08 | ആർ.ഉണ്ണികൃഷ്ണൻ കർത്ത, ഫിനാൻസ് ഓഫീസർ | 16,113 | ,, | | |
| 35-1/08 8.1.2008 | മറ്റു ജീവനക്കാർ | 64,071 | ,, | | |
| 25-2/08 11.2.2008 | ജി.സുകുമാരൻ,സെക്രട്ടറി | - | - | 2940 | 552691 11.2.2008 |

Local Fund Audit Department

| | | | | | |
|---|---|---|---|---|---|
| 26-2/08<br>11.2.2008 | ആർ.ഉണ്ണികൃഷ്ണൻ<br>കർത്ത,<br>ഫിനാൻസ് ഓഫീസർ | - | - | 3000 | 552691<br>11.2.2008 |
| 27-2/08<br>11.2.2008 | മറ്റു ജീവനക്കാർ | - | - | 20923 | |
| ആകെ | | | 98634 | 26863 | |

എച്ച്.ആർ.എ.,സി.സി.എ എന്നിവയിൽ ആകെ നൽകിയ തുക 98634+26863= 125497/-രൂപ

3-2 **യാത്രാബത്ത-സീലിംഗ് ലിമിറ്റ് അധികരിച്ചത്-**
**നിരാകരിക്കുന്നു- 21,620/-രൂപ**

ദിവസകൂലി വേതനം അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിൽ ഡ്രൈവറായി ജോലി ചെയ്യുന്ന ശ്രീ.കെ.കെ.ഷിലൈ കുമാറിന് യാത്രാബത്ത നൽകുന്നത് സിലിംഗ് പരിധിയിൽ ക്ലിപ്തപ്പെടുത്താതെയാണെന്ന് മനസ്സിലാകുന്നു. 3.1.2004ലെ സ.ഉ.4/04/ഫിൻ പ്രകാരം 30.6.2007വരെ ടിയാന് പ്രതിമാസം 690രൂപയിലും 10.7.2007ലെ സ. ഉ.296/07/ഫിൻ പ്രകാരം 1.7.2007 മുതൽ 750/-രൂപയിലും ക്ലിപ്തപ്പെടുത്തി മാത്രമെ യാത്രബത്ത അനുവദിക്കാവൂ. എന്നാൽ 2,500/-രൂപ വീതം എല്ലാ മാസവും നൽകിയ തായി കാണുന്നു. ക്രമവിരുദ്ധമായി നൽകിയ അധിക തുക ഓഡിറ്റിൽ നിരാകരിക്കു ന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | മാസം | നൽകിയ തുക | ചെക്ക് നമ്പർ/ തിയതി | നൽകാ വുന്ന തുക | അധികം |
|---|---|---|---|---|---|
| 29-4/2007 | 3/2007 | 2500 | 113098/20.4.2007 | 690 | 1810 |
| 12-5/07 | 4/07 | 2500 | 552226/1.6.2007 | 690 | 1810 |
| 53-6/07 | 5/07 | 2500 | 552239/19.6.2007 | 690 | 1810 |
| 13-7/07 | 6/07 | 2500 | 552267/1.8.2007 | 690 | 1810 |
| 66-8/07 | 7/07 | 2500 | 552279/23.8.07 | 750 | 1750 |
| 53-9/07 | 8/07 | 2500 | 552601/24.9.07 | 750 | 1750 |
| 53-10/07 | 9/07 | 2500 | 552623/24.10.07 | 750 | 1750 |
| 49-11/07 | 10/07 | 2500 | 552631/19.11.2007 | 750 | 1750 |
| 48-12/07 | 11/07 | 2500 | 552653/22.12.07 | 750 | 1750 |
| | 12/07 | 2500 | | 750 | 1750 |
| | 1/08 | 2500 | | 750 | 1750 |
| | 2/08 | 2400 | | 750 | 1650 |
| ആകെ അധികം നൽകിയത് | | | | | 21140/- |

അധികം നൽകിയ തുക തിരികെ ഈടാക്കി ജില്ലാ പഞ്ചായത്ത് ഫണ്ടിൽ അട ക്കേണ്ടതാണ്.

Local Fund Audit Department

3-3 **ചെലവനുവാദം നൽകിയതിനേക്കാൾ അധികം തുക നൽകി-400/-**

ചെ.നമ്പർ 552254/11.09.2007- 18800/രൂപ

സെക്രട്ടറി,പ്രിയദർശിനി കാന്റീൻ (വനിതാ സ്വയംസഹായസംഘം) എന്ന പേരിൽ ജില്ലാ പഞ്ചായത്ത് കേരള വികസന പദ്ധതി 2007-2008 പദ്ധതി നിർവഹണം വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡിയോഗം ഇനത്തിൽ ചെലവ് അനുവദിച്ച് ഉത്തരവായി ട്ടുണ്ട്. (എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് നമ്പർ ഡി.പി.7 -2353/07/തിയതി/11.7.2007) 29.6.2007ലെ ജില്ലാ പഞ്ചായത്ത് സമിതിയുടെ 2(1)നമ്പർ തീരു മാനപ്രകാരം പ്രിയദർശിനി വനിത സ്വയം സഹായസംഘം സെക്രട്ടറിയുടെ അപേക്ഷ യിൻമേൽ അനുവാദം നൽകിയത് 13,200/-രൂപയ്ക്കാണ്. എന്നാൽ നൽകിയിരിക്കുന്ന തുക 13,600/-രൂപയാണ്. അധികം അനുവദിച്ചു നൽകിയ 400/-രൂപ ഓഡിറ്റിൽ അംഗീക രിക്കുന്നില്ല. തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അട വാക്കേണ്ടതാണ്.

3-4 **സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയത് ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമല്ല**

25.5.2007ലെ ധനകാര്യസമിതിയുടെ 2(5)-ാം നമ്പർ തീരുമാനപ്രകാരം എറണാ കുളം ജില്ലാ പഞ്ചായത്തിലേക്കാവശ്യമായ സ്റ്റേഷനറി സാധനങ്ങൾ വിതരണം ചെയ്ത തിന് ദത്താ എന്റർപ്രൈസസ് കാക്കനാട് സമർപ്പിച്ച 10,645/-രൂപയുടെയും ബിൽ നമ്പർ 25830/24.1.08) 210/-രൂപയുടെയും (ബിൽ നമ്പർ 3137/25.1.2008)ബിൽ തുക അനുവദിച്ച് 25.5.2007ലെ ധനകാര്യകമ്മിറ്റി തീരുമാനമെടുത്തു (215)-ാംനമ്പർ തീരുമാനം) ആകെ തുകയായ 10,855/-രൂപ ഉത്തരവ് നമ്പർ ഡി.പി.11-1590/07/തിയതി 18.2.2008 പ്രകാരം ടി സ്ഥാപനത്തിന് നൽകണമെന്നും നടപടിക്രമങ്ങളിൽ കാണുന്നു. എന്നാൽ ബില്ലുക ളൊന്നും വൗച്ചറിനൊപ്പം അടക്കം ചെയ്തിട്ടുള്ളതായി കാണുന്നില്ല. 10,855/-രൂപയുടെ ചെക്ക് നമ്പർ 557702/25.2.2008 കൈപ്പറ്റിയതിന്റെ രശീതി (രശീതി നമ്പർ 366/25.2.08) മാത്രം ആണ് അടക്കം ചെയ്തതായി കാണുന്നത്. മേൽ സൂചിപ്പിച്ച ധനകാര്യസമിതി തിരുമാനംപ്രകാരം ഒരു വർഷത്തേയ്ക്ക് സ്റ്റേഷനറി സാധനങ്ങൾ സപ്ളൈ ചെയ്യുന്ന തിന് വിവിധ സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ചത് അംഗീകരിച്ചതിന്റെ വിവരം മാത്രമാണ് കാണുന്നത്. സ്ക്രൈബ്, എറണാകുളം 1,240/-എസ്.ഡി.അസോസിയേറ്റ്സ് 1260.50/-,ദത്ത് എന്റർപ്രൈസസ്, കാക്കനാട് 1225.50/-എന്നീ നിരക്കുകൾ സ്ഥാപനങ്ങൾ രേഖപ്പെടുത്തിയതായും കുറഞ്ഞ തുക രേഖപ്പെടുത്തിയ ദത്ത് എന്റർപ്രൈസസിന് കരാർ നൽകാൻ തിരുമാനിക്കുകയും ആണ് ഉണ്ടായത്. 10,855/-രൂപ നൽകിയതിന്റെ വിശദമായ ബിൽ, സ്റ്റോക്കിലെടുത്തതിന്റെ വിവരം, ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ എന്നി വിശദാംശങ്ങളുടെ അഭാവത്തിൽ ഇതുമായി ബന്ധപ്പെട്ട 10,855/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

Local Fund Audit Department

3-5 **ധനകാര്യ സമിതി തീരുമാനം പ്രകാരം നൽകാവുന്നതിലും കൂടുതൽ തുക അനുവദിച്ചത് അംഗീകരിക്കുന്നില്ല**

11.1.2008ലെ ഡി.പി.2-90/07 തീരുമാനം 2(5)പ്രകാരം ജില്ലാ പഞ്ചായത്തിന്റെ കെ.എൽ.7ബിഇ 9119 നമ്പർ കാറിന്റെ റിപ്പയറിംഗ് ചാർജ്ജിനത്തിൽ മെസേഴ്സ് മരിയ്ക്കാർ ഇൻഡസ്ട്രീസിന് 1,270/-രൂപയും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് മെസേഴ്സ് ഫ്രണ്ട്സ് ഡിസ്ട്രിബ്യൂട്ടേഴ്സിന് 968/-രൂപയും നല്കാനാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ വൗച്ചർ നമ്പർ 79 പ്രകാരം (ചെക്ക് നമ്പർ 552679/തിയതി:22.1.2008)കെ.എൽ.7 ബി.ഇ.9119 വാഹനത്തിന് 1,970/-രൂപയാണ് റിപ്പയറിംഗ് ചാർജ്ജിനത്തിൽ അനുവദിച്ച് നൽകിയിരിക്കുന്നത് ധനകാര്യ കമ്മിറ്റി തിരുമാനപ്രകാരം നൽകാവുന്ന തുകയിലും കൂടുതലായി നൽകിയ 700/-രൂപ അംഗീകരിക്കുന്നില്ല. സെക്രട്ടറിയുടെ പ്രൊസിഡിംഗ്സ് പ്രകാരം (ഉത്തരവ് നമ്പർ ഡി.പി.2.1955/07/തിയതി 21.1.2008)അധികം നൽകിയ 700/-രൂപ തിരിച്ച് നൽകേണ്ടതാണ്.(ബിൽ നമ്പർ 5589/തിയതി 5.2.2008)

3-6 **ലൈബ്രറികൾക്ക് പുസ്തക വിതരണം നിബന്ധനകൾ പാലിച്ചിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു. 4,65,989/-രൂപ**

പ്രോജക്ട് നമ്പർ എസ്.059/08

പദ്ധതിവിഹിതം - 5,00,000/-

ജില്ലാ പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന അർഹമായ ലൈബ്രറികൾക്ക് പുസ്തകം വാങ്ങുന്നതിന് 8,000/-രൂപ വീതം അനുവദിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ പദ്ധതിയാണിത്. ലൈബ്രറികളുടെ അർഹത നിശ്ചയിക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതുണ്ട്.

1) ഗ്രന്ഥശാല സംഘത്തിന്റെ അഫിലിയേഷൻ
2) ഗ്രന്ഥശാല പ്രവർത്തിക്കുന്ന കെട്ടിടം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സർട്ടിഫിക്കറ്റ്
3) ജില്ലാ പഞ്ചായത്ത് അംഗത്തിന്റെ കത്ത്
4) പുസ്തകം വാങ്ങുന്നതിന് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുള്ള ഇൻവോയ്സ്
5) ലൈബ്രറിയുടെ 2 വർഷത്തെ പ്രവർത്തന റിപ്പോർട്ട്
6) 50/-രൂപ മുദ്രപത്രത്തിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുമായി കരാർ.

പദ്ധതി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തുകയുണ്ടായി.

ഗ്രന്ഥശാലകൾ വാങ്ങിയ പുസ്തകങ്ങളുടെ ഇൻവോയ്സ് (അവ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുള്ളതാണോ എന്നതിന് വ്യക്തതയില്ല). സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെ പകർപ്പ് എന്നിവ ഹാജരാക്കിയ മുറയ്ക്ക് തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. നിബന്ധനകളിൽ പറയുന്ന ഗ്രന്ഥശാല സംഘത്തിന്റെ അഫിലിയേഷൻ, കെട്ടിടം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രം ജില്ലാ പഞ്ചായത്ത് അംഗത്തിന്റെ കത്ത്, ലൈബ്രറിയുടെ 2 വർഷത്തെ പ്രവർത്തന റിപ്പോർട്ട് എന്നിവ ഒരു ഗ്രന്ഥശാലയും ഹാജരാക്കിയതായി കണ്ടെത്താൻ സാധിച്ചില്ല. ജില്ലാ പഞ്ചായത്തുമായി കരാർവച്ചതായി നോട്ട് ഫയലിൽ കാണുന്നുണ്ടെങ്കിലും ഫയലിൽ

Local Fund Audit Department

മുദ്രപത്രമോ പകർപ്പോ കണ്ടെത്തിയില്ല. അതായത് നിബന്ധനകൾ ഒന്നും പാലിക്കാതെ, ഗ്രന്ഥശാലകൾ സമർപ്പിച്ച ബില്ലുകൾ പ്രകാരം ഓരോ ഗ്രന്ഥശാലക്കും 8,000/-രൂപയിൽ പരിമിതപ്പെടുത്തി തുക നൽകുകയായിരുന്നു. മാത്രമല്ല ഗ്രന്ഥശാലകൾക്ക് ജില്ലാ ലൈബ്രറി കൗൺസിൽ,സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ എന്നിവയിൽ നിന്നും പുസ്തകം വാങ്ങുന്നതിന് ധനസഹായം ലഭിക്കുന്ന സാഹചര്യത്തിലും ഗ്രാമ പഞ്ചായത്തുകളും ഇത്തരം പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന സാഹചര്യത്തിലും ജില്ലാ പഞ്ചായത്തുകൾ ഇത്തരം പദ്ധതികൾ നടപ്പിലാക്കേണ്ടതില്ല. മേൽ പറഞ്ഞ കാരണങ്ങളാൽ ഈ പദ്ധതി ക്കായി 30.3.2008വരെ നൽകിയ 4,65,989/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166, ഉപവകുപ്പ് 1,പട്ടിക 3 പ്രകാരം വായന ശാലകളു ടെയും ഗ്രന്ഥശാലകളുടെയും നടത്തിപ്പും പ്രോത്സാഹനവും ഗ്രാമപഞ്ചായത്തിന്റെ പൊതുവായ ചുമതലയിൽപ്പെടുന്നു. ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടു ത്താത്ത പദ്ധതി ഏറ്റെടുത്ത് നിർവഹണം നടത്തിയതിന് സാധൂകരണം വാങ്ങേണ്ടതാ ണ്.

3-7 **<u>ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾക്ക് മോട്ടോർ,പമ്പ് സെറ്റ് എന്നിവ വാങ്ങിയത് തുക തടസ്സപ്പെടുത്തുന്നു</u>**.

പ്രോജക്ട് നമ്പർ.എസ്.496/08(പ്രോജക്ട് ലഭ്യമാക്കിയില്ല- അംഗീകരിച്ചതായും കണ്ടെത്തിയില്ല)

രായമംഗലം,മുടക്കുഴ,പായിപ്ര,മഴുവന്നൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലായി 5 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾക്ക് മോട്ടോർ, പമ്പ് സെറ്റ് എന്നിവ വാങ്ങുന്നതിന് KAICO യ്ക്ക് 5,81,732/-രൂപ നൽകിയതായി കാണുന്നു. താഴെ പറയുന്ന പ്രകാരമാണ് തുക നൽകിയിട്ടുള്ളത്.

| | | |
|---|---|---|
| 1. | രായമംഗലം പഞ്ചായത്തിലെ 606 കോളനി എൽ.ഐ.സ്കീം | 134435- |
| 2. | മുടക്കുഴ പഞ്ചായത്തിലെ ചൂണ്ടക്കുഴി എൽ.ഐ.സ്കീം | 114465- |
| 3. | പായിപ്ര പഞ്ചായത്തിലെ അരളിക്കാവ് ,, | 114465- |
| 4. | മുടക്കുഴ പഞ്ചായത്തിലെ ചുരുളിച്ചിറ ,, | 103902- |
| 5. | മഴുവന്നൂർ പഞ്ചായത്തിലെ മങ്കുഴി ,, | 114465- |
| | | 581732 |
| | | ======== |

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. 13.5.2003ലെ നോട്ട് ഫയലിൽ മോട്ടോറും പമ്പും സ്ഥാപിക്കുന്നതിന് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്നും ട്രഷറി നിയന്ത്രണം മൂലം തുക മാറിയെടുക്കാൻ സാധിച്ചിട്ടില്ല എന്നും കുറിപ്പ് കാണുന്നു. ഈ നോട്ട് ഫയൽ പിന്നീട് പുനരാരംഭിച്ചിരി ക്കുന്നത് 21.11.2006ലാണ്. ആയതിനാൽ പണ്ട് ഡെപ്പോസിറ്റ് ചെയ്ത തുക പിന്നീട് (ട്രഷറി നിയന്ത്രണം മാറിയപ്പോൾ) മാറിയിട്ടുണ്ടോ എന്നതും, ഇല്ലെങ്കിൽ ചെക്ക് തിരികെ കിട്ടിയോ എന്നതും ഫയലിൽ നിന്നും വ്യക്തമാകുന്നില്ല. ഈ സാഹചര്യ ത്തിൽ ഇതേ ആവശ്യത്തിന് പിന്നീട് നൽകിയ 5,81,732/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തു ന്നു.

Local Fund Audit Department

### 3-8 വിദ്യാദീപം സ്പെഷ്യൽ കോച്ചിംഗ്- ചെലവിന്റെ വിവരങ്ങൾ ഹാജരാക്കിയില്ല

എറണാകുളം ജില്ല പഞ്ചായത്തിന് കീഴിൽ വരുന്ന 55 ഗവൺമെന്റ് ഹൈസ്കൂളു കളിലെയും 125എയ്ഡഡ് ഹൈസ്കൂളുകളിലെയും പത്താംക്ലാസിൽ പഠിക്കുന്ന 24500 വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ കോച്ചിംഗ് കൊടുക്കുക എന്നതാണ്, പ്രോജക്ട് ഇതിനായി 6,82,500/-രൂപ ചെലവഴിച്ചിട്ടുണ്ട്. റവന്യൂ ജില്ലയിലെ നാല് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കാണ് തുക നൽകിയത്. ഇത് താഴെ പറയുംപ്രകാരമാണ്.

| | | |
|---|---|---|
| എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർ | | 134500 |
| മൂവാറ്റുപുഴ | ,, | 127500 |
| ആലുവ | ,, | 282500 |
| കോതമംഗലം | ,, | 138000 |
| ആകെ | | 682500 |

==========

ഇതിൽ ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസർ മാത്രമാണ് ധനവിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്. ആരും കണക്കുകൾ ഹാജരാക്കിയിട്ടില്ല. ചെലവുകളുടെ വിവരം ഹാജരാക്കാത്തതിനാൽ പ്രസ്തുത പ്രോജക്ടിനായി ചെലവഴിച്ച 6,82,500/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-9 അപ്പാരൽ ട്രയിനിംഗ് & ഡിസൈൻ സെന്ററിനു കെട്ടിട നിർമ്മാണം- വിനിയോഗിക്കാത്ത തുക തിരിച്ചടച്ചിട്ടില്ല

കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെ സ്പോൺസർഷിപ്പുള്ള സ്ഥാപനമാണ് ഹരിയാനയിലെ അപ്പാരൽ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ. ഈ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ എറണാകുളം ജില്ലയിൽ ഒരു അപ്പാരൽ ട്രയിനിംഗ് & ഡിസൈൻ സെന്റർ സ്ഥാപിക്കുകയും തൊഴിൽ രഹിതരായ യുവാക്കൾക്ക് പരിശീലനം നൽകി വസ്ത്രനിർമ്മാണ മേഖലയിൽ തൊഴിൽ ലഭ്യമാക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനുവേണ്ടി 7000 മുതൽ 8000 വരെ ച.അടിയുള്ള ഒരു കെട്ടിടം സൗജന്യമായി വിട്ടുനൽകണം. കൂടാതെ യന്ത്രങ്ങൾ വാങ്ങുവാൻ 30ലക്ഷം രൂപകൂടി സംസ്ഥാന സർക്കാർ നൽകണം. ആവർത്തന ചെലവിനത്തിൽ 15 ലക്ഷം രൂപയാണ് പ്രതിവർഷം കണക്ക്കൂട്ടിയത്. പ്രതീക്ഷിക്കുന്ന വരവ് ട്യൂഷൻ ഫീസിനത്തിൽ ലഭിക്കുന്ന 5 ലക്ഷം രൂപയാണ്. കെട്ടിടം ഇപ്പോൾ ലഭ്യമല്ലാത്തതിനാൽ 18 ലക്ഷം രൂപ ചെലവിൽ ജില്ലാ പഞ്ചായത്ത് കെട്ടിടം നിർമ്മിച്ചു നൽകുവാനും ഇതിനായി 2007-2008 വർഷം 18ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്താനും തിരുമാനിച്ചു. (19.9.2007ലെ 2(6)തിരുമാനം)സംസ്ഥാന സർക്കാർ ചെലവു വഹിക്കുവാൻ സാധ്യതയില്ലാത്തതിനാലാണ് ഇപ്രകാരം ചെയ്യുന്നത്. മറ്റു ചെലവുകൾക്ക് അടുത്ത വർഷത്തെ ബ്ലോക്ക് , ജില്ലാ പഞ്ചായത്ത് ബജറ്റുകളിൽ വിഹിതം വകയിരുത്തുവാനും തിരുമാനമായി. പാമ്പാക്കുട ബ്ലോക്കിലാണ് പ്രസ്തുത പരിശീലനകേന്ദ്രം സ്ഥാപിക്കുവാൻ തിരുമാനിച്ചത്.എന്നാൽ നാളിതുവരെ യാതൊരു തുടർ നടപടിയും ഉണ്ടായില്ല. 17.9.2010ലെ ഗ്രാമവികസന കമ്മീഷണ

Local Fund Audit Department

റുടെ 16087/ഡി.പി1/07/സി.ആർ.ഡി കത്തുപ്രകാരം കൗൺസിലിന് പദ്ധതിയിൽ താല്പര്യമില്ലാത്തതിനാൽ ഉപേക്ഷിക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇത്രയും വസ്തുതകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് താഴെ പറയുന്ന കാര്യങ്ങൾ അഭിപ്രായപ്പെടുന്നു.

1) പ്രസ്തുത പ്രോജക്ട് ഏറ്റെടുത്ത് നടത്താവുന്നതാണെന്ന് കാണിച്ച് ഗ്രാമവികസനകമ്മീഷണർക്ക് 3.10.2007ൽ പ്രോജക്ടു ഡയറക്ടർ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് ഫിസിബിലിറ്റി റിപ്പോർട്ട് ലഭ്യമല്ല.

2) ഗ്രാമവികസന കമ്മീഷണർ ഫണ്ടിന്റെ സ്രോതസ് അന്വേഷിച്ചപ്പോൾ മൂലധന ചെലവിനും ആവർത്തന ചെലവിനും വേണ്ട 45ലക്ഷം രൂപ എസ്.ജി.എസ്.വൈ.യുടെ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടിൽ ലഭ്യമാണെന്നാണ് പ്രോജക്ട് ഡയറക്ടർ അറിയിച്ചത്. എന്നാൽ ഈ ഫണ്ട് ലഭ്യമാക്കുകയോ തുടർ നടപടി എടുക്കുകയോ ചെയ്തില്ല.

പദ്ധതി തുടരാൻ സാദ്ധ്യതയില്ലാത്ത സാഹചര്യത്തിൽ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള 18ലക്ഷം രൂപയും പലിശയും പ്രോജക്ട് ഡയറക്ടറിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടിയന്തിരമായി തിരിച്ചടക്കേണ്ടതാണ്. തുക തിരികെ അടക്കുന്നതുവരെ ചെലവു തുക തടസ്സത്തിൽവയ്ക്കുന്നു.

### 3-10 <u>സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ- പ്രോജക്ട് ഭൗതിക ലക്ഷ്യങ്ങൾ കൈവരിച്ചിട്ടില്ല</u>

പ്രോജക്ട് നമ്പർ .എസ്.445/08

നിർവഹണ ഉദ്യോഗസ്ഥൻ - ജില്ലാ പഞ്ചായത്ത് സെക്രട്ടറി

സംഘാടന ചുമതല - ജില്ലാ ഊർജ്ജസുരക്ഷാമിഷൻ കോ-ഓർഡിനേറ്റർ കമ്മിറ്റി (അനർട്ട്)

താഴെ പറയുന്നവയാണ് പ്രോജക്ടിന്റെ ഭൗതികലക്ഷ്യങ്ങൾ

1) പുതിയ അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ പ്രതിഷ്ഠാപനം

2) നിലവിലുള്ള അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ റിപ്പയർ

3) നിലവിലുള്ള അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ പ്രവർത്തന ക്ഷമത പരിശോധിക്കൽ

4) സർവേ പഠനങ്ങൾ,ഊർജ്ജ ഓഡിറ്റ്, പരിശീലനം

2007 ഒക്ടോബറിൽ ആരംഭിച്ച് 2009 മാർച്ചിൽ അവസാനിക്കുന്ന ദ്വിവർഷ പ്രോജക്ടാണിത്. പദ്ധതിയുടെ ധനകാര്യവിശകലനം താഴെ പറയുംപ്രകാരമാണ്.

| | 1-ാം വർഷം | 2-ാം വർഷം |
|---|---|---|
| വികസന ഫണ്ട് | 30,00,000.00 | 53,99,820.00 |
| സംസ്ഥാനാവിഷ്കൃതം | 66,09,000.00 | 19,38,000.00 |
| ഗുണ.വിഹിതം | 2,80,000.00 | 2,80,000.00 |
| ആകെ | 98,89,000.00 | 76,17,820.00 |
| ആകെ അടങ്കൽ - | 1,75,06,820.00 | |

===========

ഇതിൽ 1-ാംവർഷത്തെ ജില്ലാ പഞ്ചായത്ത് വിഹിതമായ 30ലക്ഷം രൂപ അനർട്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. (വൗച്ചർ നമ്പർ.92-3/08)എന്നാൽ ഓഡിറ്റ് നടന്ന സമയംവരെ ഭൗതിക

Local Fund Audit Department

ലക്ഷ്യങ്ങൾ യാതൊന്നും നേടിയതായോ ,തുകയുടെ ചെലവിനെ സംബന്ധിച്ച വിവരങ്ങൾ അനർട്ട് ഹാജരാക്കിയതായോ കാണുന്നില്ല. ആയതിനാൽ 2007-2008 വർഷം ഡെപ്പോസിറ്റ് ചെയ്ത 30 ലക്ഷം രൂപ അനർട്ടിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. 30ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-11 **ഖരമാലിന്യനിർമ്മാജനം-പ്രോജക്ട് നടത്തിപ്പിൽ ഗുരുതരമായ ക്രമക്കേടുകൾ**

പ്രോജക്ട് നമ്പർ 36/08

ഡി.പി.സി.അംഗീകാരം നമ്പർ 356/07/ഡി.പി.ഒ/ഇ.കെ.എം.തീയതി 15.2.2008

ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും സംയുക്തമായി തുക ചെലവാക്കി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ പ്രോജക്ടാണിത്. പ്രതിദിനം 250 കി.ഗ്രാം ജൈവമാലിന്യം സംസ്കരിച്ച് 3 കി.വാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുകയും അതു വഴി 11വാട്ടിന്റെ 50 സി.എഫ്.എൽ.വിളക്കുകൾതെളിയിക്കുകയുമാണ,. പദ്ധതിയുടെ ഉദ്ദേശ്യം ഇതിനായി 25 ഘ.മീ.വലിപ്പമുള്ള പ്ലാന്റുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ച് കൈമാറുന്നതിനായി തിരുവനന്തപുരം ആസ്ഥാനമായ 'ബയോടെക്' എന്ന സ്വകാര്യസ്ഥാപനത്തെ നിർവഹണ ഏജൻസിയായി നിശ്ചയിക്കുകയും ചെയ്തു. ഒരു യൂണിറ്റിന്റെ മതിപ്പുചെലവ് ആയ 10.3 ലക്ഷത്തിൽ 6ലക്ഷം ജില്ലാ പഞ്ചായത്ത് വിഹിതവും 3.10ലക്ഷം ഗ്രാമപഞ്ചായത്ത് വിഹിതവും 1.20ലക്ഷം കേന്ദ്രഗവൺമെന്റ് സബ്സിഡിയുമാണ്. തെരഞ്ഞെടുക്കപ്പെട്ട 18 ഗ്രാമപഞ്ചായത്തുകളിലും അങ്കമാലി പിഗ് ബ്രീഡിംഗ് സെന്ററിലുമായിട്ടാണ് പ്ലാന്റുകൾ പണിയുന്നതിന് നിശ്ചയിച്ചത്. ഇതിലേക്കുള്ള ജില്ലാ പഞ്ചായത്ത് വിഹിതമായി 1,19,10,000/-താഴെ പറയുംപ്രകാരം ബയോടെക്കിന് മുൻകൂറായി നൽകി.

| | | |
|---|---|---|
| വൗച്ചർ നമ്പർ | 99-3/08 | 99,10,000.00 |
| ,, | 242-3/08 | 20,00,000.00 |
| ആകെ | | 1,19,10,000.00 |
| | | =========== |

ബയോഗ്യാസ്പ്ലാന്റുകളുടെ സ്പെസിഫിക്കേഷൻ,സ്റ്റാൻഡേഡുകൾ മതിപ്പുചെലവ്,കരാർ നിബന്ധനകൾ എന്നിവ സംബന്ധിച്ച 11.2.2008ലെ സ.ഉ(കൈ)നമ്പർ 39/2008/ത.സ്വ.ഭ.വ.പ്രകാരം സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രോജക്ടിന് അംഗീകാരം നൽകുന്നത് ഇവ പരിഗണിച്ചായിരിക്കണമെന്ന് സംസ്ഥാനതല സാങ്കേതിക സമിതി ജില്ലാ സമിതിക്ക് നിർദ്ദേശം നൽകിയിരുന്നു.

നിർവഹണ ഏജൻസിയായ ബയോടെക് 2008 മാർച്ച് 4ന് കരാർ വച്ചിട്ടുണ്ട്. കരാർ വ്യവസ്ഥ പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതം ലഭിക്കുന്ന തിയതിയോ അഥവാ ഗ്രാമപഞ്ചായത്ത് വിഹിതവും പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലവും കൈമാറുന്ന തിയതിയോ ഏതാണ് ഒടുവിൽ നടന്നത് ആ ദിവസം മുതൽ 90 ദിവസത്തിനകം നിർമ്മാണം പൂർത്തിയാക്കി പ്ലാന്റ് കമ്മീഷൻ ചെയ്യേണ്ടതാണ്.

17.11.2008ന് നൽകിയ പ്രോഗ്രസ് റിപ്പോർട്ട് പ്രകാരം 6 ഗ്രാമപഞ്ചായത്തുകളിൽ രണ്ട് ആഴ്ചക്കുള്ളിൽ നിർമ്മാണം പൂർത്തിയാകും എന്ന് അറിയിച്ചു. ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത് 1.10.2008നും പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് 29.10.2008നും മാത്രമാണ്

Local Fund Audit Department

സ്ഥലം നൽകിയതെന്നും അറിയിച്ചു. ബാക്കിയുള്ളവയിൽ 5 പഞ്ചായത്തുകൾ പഞ്ചായത്തുവിഹിതം അടച്ചില്ലെന്നും 4 പഞ്ചായത്തുകൾ സ്ഥലംകൈമാറിയിട്ടില്ലെന്നും റിപ്പോർട്ട് നൽകിയിട്ടുണ്ട്. അങ്കമാലി പന്നി വളർത്തൽ കേന്ദ്രത്തിൽ ജനങ്ങളുടെ എതിർപ്പുമൂലം നിർമ്മാണം നിറുത്തിയിരിക്കുകയാണെന്നും അറിയിച്ചു. വിഹിതം അടയ്ക്കാത്ത അഞ്ച് പഞ്ചായത്തുകൾക്കും അങ്കമാലി പിഗ് ബ്രിഡിംഗ് സെന്ററിനും പകരമായി ചേന്ദമംഗലം,മുളന്തുരുത്തി,അശമന്നൂർ,വടവ്കോട്-പുത്തൻകുരിശ് (2യൂണിറ്റ്)ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ പ്ലാന്റ് പണിയുവാൻ ജില്ലാ പഞ്ചായത്തിൽ നിന്നും നിർദ്ദേശം നൽകി. എന്നാൽ അശമന്നൂർ,ചേന്ദമംഗലം എന്നീ പഞ്ചായത്തുകൾക്ക് ഇതിനുള്ള സ്ഥലസൗകര്യമില്ലെന്ന് ബയോടെക്കിനെ അറിയിച്ചു. 12.5.2009ലെ നമ്പർ ബിടി/ഡബ്ള്യൂ.ടി.പി/09/കത്തുപ്രകാരം നായരമ്പലം,കുമ്പളങ്ങി,പള്ളിപ്പുറം,ചേരാനെല്ലൂർ പഞ്ചായത്തുകളിൽ വെള്ളക്കെട്ടുള്ളതുമൂലം പ്ലാന്റ് ഉയർത്തിപണിയുന്നതിന് 1,30,000/-രൂപ വീതം അധികവിഹിതം നൽകണമെന്നും ബയോടെക് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം കാണിച്ച് അധികവിഹിതം ഗ്രാമപഞ്ചായത്തിൽ നിന്നും നൽകണമെന്നാവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് ജില്ലാ പഞ്ചായത്തിൽ നിന്നും കത്തു നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റിന്റെ അഭിപ്രായം താഴെ ചേർക്കുന്നു.

1) 3.3.2005ലെ ജി.ഒ(ആർ.ടി) 796/05ത.സ്വ.ഭ.വ പ്രകാരം അംഗീകാരമുള്ള 13 നിർവഹണ ഏജൻസികളിൽ ഒന്നുമാത്രമാണ് ബയോടെക്. ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെയാണ് ബയോടെക്കിനെ നിർവഹണ ഏജൻസിയായി തെരഞ്ഞെടുത്തിരിക്കുന്നത്.

2) ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം സംബന്ധിച്ച മാർഗരേഖ അടങ്ങിയ ജി.ഒ(എം.എസ്)നമ്പർ 39/2008/ത.സ്വ.ഭ.വ/തിയതി 11.2.2008ലെ പൊതുവ്യവസ്ഥ (1) പ്രകാരം (പുറം 21)

'Efficiency of electrical energy generation from biogas plants from solid waste is yet to be proven,hence it is better to utilise the biogas generated as such for cooking or heating purpose; Therefore at this stage,projects on waste to Energy using biogas from organic fraction of solid waste shall not be promoted',എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ നിബന്ധന മറികടന്നാണ് വൈദ്യൂതി ഉൽപാദനം കൂടി പ്രോജക്ടിന്റെ ഭാഗമാക്കിയത്. ഇതുമൂലം പ്രോജക്ടിന്റെ ചെലവ് വർദ്ധിച്ചു.

3) മാർഗ്ഗരേഖ ഉത്തരവിലെ കരാർ മാതൃകയിൽ നിർവഹണ ഏജൻസി സെക്യൂരിറ്റി ഡെപ്പോസിറ്റായി തുക ജില്ലാപഞ്ചായത്തിൽ അടയ്ക്കണമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും അപ്രകാരം തുക അടവാക്കിയിട്ടില്ല. മാത്രമല്ല, ട്രയൽ റൺ നടത്തുന്ന രണ്ടുമാസത്തെ ചെലവ് പൂർണ്ണമായും നിർവഹണ ഏജൻസി വഹിക്കേണ്ടതാണെങ്കിലും എസ്റ്റിമേറ്റിൽ ട്രയൽ റണ്ണിന് ഒരു യൂണിറ്റിന് 15,000/-രൂപ വകയിരുത്തുകയും ഈടാക്കുകയും ചെയ്തിട്ടുണ്ട്.

4) ജില്ലാ പഞ്ചായത്തുമായി വെയ്ക്കേണ്ട കരാറിൽ നിർവഹണ ഏജൻസിക്കു വേണ്ടി ഡയറക്ടർ സജിദാസ് ഒപ്പുവച്ചിട്ടുണ്ടെങ്കിലും ജില്ലാ പഞ്ചായത്തിനുവേണ്ടി സെക്രട്ടറിയും സാക്ഷികളും ഒപ്പുവച്ചിട്ടില്ല.

5 2008 മാർച്ച് 4തിയതിവച്ചാണ് കരാർ എഴുതിയിരിക്കുന്നതെങ്കിലും വെണ്ടർ മുദ്ര പ്പത്രം വിറ്റതായി രേഖപ്പെടുത്തിയിരിക്കുന്ന തിയതി 19.3.2008 ആണ്. ഇതിൽ നിന്നും മുൻ തിയതി വച്ച് കരാർ എഴുതുകയാണുണ്ടായതെന്ന് വ്യക്തമാണ്.

6) മാതൃക കരാറിൽ പഞ്ചായത്ത് വിഹിതം മുൻകൂറായി ഏജൻസിയിൽ നിക്ഷേപി ക്കണമെന്ന് വ്യവസ്ഥയില്ല. ഇതിനുവിരുദ്ധമായാണ് കരാറിൽ ജില്ലാ പഞ്ചായത്ത് പ്ലാന്റ് ഒന്നിന് 6ലക്ഷം വീതം സാധനങ്ങൾ ശേഖരിക്കുന്നതിനുവേണ്ടി നൽകുമെന്ന് വ്യവസ്ഥ ചെയ്തത്. ഇപ്രകാരം സാധനങ്ങൾ ശേഖരിക്കുന്നതിലേക്കാണ് തുക നൽകിയതെന്ന് കരുതിയാൽപോലും നാളിതുവരെ 4 യൂണിറ്റുകൾക്ക് മാത്രമാണ് സാധനങ്ങൾ വാങ്ങിയ തായി ഏജൻസി അറിയിച്ചിട്ടുള്ളൂ. ഇതിൽതന്നെ സാധനങ്ങളുടെ ബില്ലുകൾ ഇല്ല.

7) മാതൃക കരാർ പ്രകാരം നിർവഹണ ഏജൻസി പ്രതിമാസ പ്രോഗ്രസ് റിപ്പോർട്ട് നൽകേണ്ടതാണെങ്കിലും ഓഡിറ്റ് ചെയ്യുന്ന സമയം വരെ ഒരേയൊരു പ്രോഗ്രസ് റിപ്പോർട്ട് (17.11.08ൽ സമർപ്പിച്ചത്) മാത്രമാണ് നൽകിയിട്ടുള്ളത്.

8) അങ്കമാലി പിഗ് ബ്രീഡിംഗ് സെന്ററിൽ 1,25,000/-രൂപ ചെലവഴിച്ചുവെന്നും തദ്ദേ ശവാസികളുടെ എതിർപ്പുമൂലം പണി നിർത്തിവെച്ചതിനാൽ ബാക്കി തുക എന്തുചെയ്യ ണമെന്ന് അറിയിക്കണമെന്നും അഭ്യർത്ഥിച്ച് ബയോടെക് 17.11.2008ൽ ജില്ലാ പഞ്ചായ ത്തിന് കത്തു നൽകി. എന്നാൽ പഞ്ചായത്ത് മറുപടി നൽകിയില്ല. 12.5.2009ൽ, പിഗ് ബ്രീഡിംഗ് സെന്ററിന് വേണ്ടി ചെലവഴിച്ച് 1,25,000/-രൂപ കിഴിച്ച് ബാക്കി 7,85,000/-രൂപ യ്ക്കുള്ള സാധനസാമഗ്രികൾ വാങ്ങിയെന്നും ഇത് ഏതു പഞ്ചായത്തിലാണ് വിനിയോ ഗിക്കേണ്ടതെന്ന് അറിയിക്കണമെന്നും ഏജൻസി ആവശ്യപ്പെട്ടു. മുൻപ്തന്നെ പണി നിറുത്തിവെച്ച പ്ലാന്റിനുവേണ്ടി പിന്നീട് സാധനങ്ങൾ വാങ്ങി എന്നറിയിച്ചത് വ്യാജമാ ണെന്ന് വ്യക്തമാണ്.

9 വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ പ്ലാന്റ് പണിയുന്നതിന് 1,30,000/- കൂടുതൽ ആവ ശ്യപ്പെട്ടിട്ടുണ്ട്. ഈ വ്യവസ്ഥ ഒറിജിനൽ കരാറിൽ ഇല്ലാത്തതാണ്. ഡി.പി.സി.അംഗീക രിച്ച പ്രോജക്ടിൽ ഇതുണ്ടായിരുന്നുവെന്ന് തോന്നിപ്പിക്കുവാൻ വേണ്ടി എസ്റ്റിമേറ്റിന്റെ പകർപ്പ് ഈ ആവശ്യത്തോടൊപ്പം ഒരിക്കൽകൂടി ഹാജരാക്കിയിട്ടുണ്ട്. മുൻപ് 10 വ്യവ സ്ഥകൾ ഉണ്ടായിരുന്നത് ഇതുകൂടിയടക്കം ചേർത്ത് 12 വ്യവസ്ഥകളാക്കി നൽകി തെറ്റി ദ്ധരിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്.

10 ഗുണഭോക്താക്കളായ ഗ്രാമ പഞ്ചായത്തുകളിൽ ചിലത് സമയത്ത് വിഹിതം നൽകാത്തതും സ്ഥലം കൈമാറാത്തതും പദ്ധതി വൈകുന്നതിന് കാരണമായിട്ടുണ്ട്. യഥാർത്ഥത്തിൽ പ്ലാന്റിനുവേണ്ട സ്ഥലവും വിഹിതവും നൽകാൻ കഴിയുന്ന ഗ്രാമപ ഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുപകരം ജില്ലാ പഞ്ചായത്തിൽ നിന്നും പ്രോജക്ട് തയ്യാറാക്കി ഗ്രാമ പഞ്ചായത്തുകളെ സാമ്പത്തികവർഷാവസാനം അറിയിച്ച തിനാലാണ് ചില പഞ്ചായത്തുകളിൽ പ്ലാന്റു നിർമ്മാണം വൈകിയതും മറ്റു ചില ഗ്രാമപ ഞ്ചായത്തുകളെ ലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടി വന്നതും.

Local Fund Audit Department

11 ജില്ലാ പഞ്ചായത്തുകളിൽ നിന്നും നൽകാനുള്ള വിഹിതം 31.3.2008ൽ തന്നെ നൽകികഴിഞ്ഞെങ്കിലും ഓഡിറ്റുനടന്ന 2010 സെപ്തംബർ മാസംവരെയും ഇവയിൽ എത്ര പ്ലാന്റുകൾ പൂർത്തികരിച്ചുവെന്നോ എത്രയെണ്ണം നിലവിൽ പ്രവർത്തിക്കുന്നു ണ്ടെന്നോ ഉള്ള യാതൊരു വിവരവും ജില്ലാ പഞ്ചായത്തിൽ ലഭ്യമല്ല. പ്ലാന്റുകളുടെ നിർമ്മാണ പുരോഗതി അന്വേഷിച്ചുകൊണ്ട് യാതൊരു കതതുകളും ജില്ലാ പഞ്ചായ ത്തിൽ നിന്നും ഏജൻസിക്ക് നൽകിയിട്ടില്ല. മാത്രവുമല്ല 17.11.2008ലെ പ്രോഗ്രസ് റിപ്പോർട്ട് പ്രകാരം രണ്ടാഴ്ചക്കുള്ളിൽ പണി പൂർത്തിയാകും എന്നറിയിച്ചിട്ടുള്ള അഞ്ച് പ്ലാന്റുകളിൽ ഒന്നായ കുമ്പളങ്ങി പഞ്ചായത്തിലെ പ്ലാന്റ് നാളിതുവരെ പൂർത്തിയാക്കിയി ട്ടില്ലെന്ന് 23.9.2010ൽ നടത്തിയ അന്വേഷണത്തിൽ ഓഡിറ്റിന് ബോദ്ധ്യമായി.

12 ഏജൻസിയുടെ ഭാഗതതുനിന്നുണ്ടാകുന്ന വീഴ്ചമൂലം പ്ലാന്റിന്റെ നിർമ്മാണം നീണ്ടുപോയാൽ പിഴ ഈടാക്കാൻ കരാറിൽ വ്യവസ്ഥയുണ്ട്. എന്നാൽ പ്ലാന്റുകളുടെ നിർമ്മാണം സംബന്ധിച്ച് യാതൊരു മോണിറ്ററിംഗും ജില്ലാ പഞ്ചായത്തിൽ നിന്നും നട ത്താത്തതിനാൽ ഏജൻസിയുടെ വീഴ്ച ഇതുവരെ അന്വേഷണ വിധേയമായിട്ടില്ല.

13 ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള പ്ലാന്റുകൾ തന്നെ നിർദ്ദേശിക്കപ്പെട്ട അതേ കപ്പാസിറ്റി യുണ്ടോ എന്നുള്ള പരിശോധനാ വിധേയമാക്കേണ്ടിയിരിക്കുന്നു.

14 2006-2007വർഷം നടപ്പിലാക്കിയ സമാന പ്രോജക്ടിലും വിവിധകാരണങ്ങളാൽ പ്ലാന്റുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ ഏജൻസിക്ക് സാധിച്ചി ല്ല. ഈ പോരായ്മകൾ പരിഹരിക്കാതെയാണ് 2007-2008ലെ പ്രോജക്ട് അതേ നിർവ ഹണ ഏജൻസിയെക്കൊണ്ട് നടപ്പിലാക്കിയത്.

ഒരു സ്വകാര്യ ഏജൻസിയെ മുന്നിൽക്കണ്ട് പ്രോജക്ട് തയ്യാറാക്കി ടെണ്ടർ നടപ ടികൾ കൂടാതെ ടി ഏജൻസിക്ക് നിർവഹണം നൽകുക, സർക്കാർ നൽകിയ സാങ്കേ തിക നിർദ്ദേശത്തിൽ നിന്നും വ്യതിചലിച്ച് വൈദ്യൂതി ഉൽപാദനം കൂടി പ്രോജക്ടിൽ ഉൾപ്പെടുത്തുക, സർക്കാർ ഉത്തരവിന് വിരുദ്ധമായി 1,19,10,000/-രൂപ സ്വകാര്യ ഏജൻസിക്ക് മുൻകൂറായി നൽകി ടി ഏജൻസിക്ക് അനർഹമായി സാമ്പത്തിക നേട്ട ത്തിനു കാരണമാകുക, സമയബന്ധിതമായി പ്രോജക്ട് പൂർത്തിയാക്കുവാനും നിർവ ഹണം മോണിട്ടർ ചെയ്യുവാനും നടപടി സ്വീകരിക്കാതിരിക്കുക, കരാർ വ്യവസ്ഥകൾ ഏജൻസിക്ക് അനുകൂലമായ രിതിയിൽ അംഗീകരിക്കുക എന്നിങ്ങനെയുള്ള ഗുരുതര മായ നിരവധി ക്രമക്കേടുകൾ ഉള്ളതാണ് ബയോടെക്ക് വഴി നടപ്പിലാക്കിയ ഖരമാലിന്യ നിർമ്മാജ്ജന പ്രോജക്ട്.

മേൽപ്പറഞ്ഞ കാരണങ്ങളാൽ ഈ ഇനത്തിൽ ചെലവഴിച്ച 11,19,10,000/-രൂപ ഓഡി റ്റിൽ തടസ്സപ്പെടുത്തുന്നു. അതോടൊപ്പം ഖരമാലിന്യ നിർമ്മാജ്ജനം എന്ന പദ്ധതി നട ത്തിപ്പിനെക്കുറിച്ച് സമഗ്രമായ ഒരന്വേഷണം ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു. ഇക്കാര്യ ത്തിലേയ്ക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

Local Fund Audit Department

3-12 **ഹഡ്കോ വായ്പ-വിശദവിവരങ്ങൾ ലഭ്യമല്ല**

ഭവന നിർമ്മാണത്തിനുള്ള ഹഡ്കോ വായ്പയിനത്തിൽ തൻവർഷം 5,59,61,795/-രൂപ വരവും വായ്പ തിരിച്ചടവിനത്തിൽ 5,46,43,399/-രൂപ ചെലവും ഉണ്ട്. ഹഡ്കോ വായ്പ സംബന്ധിച്ച ഫയലും രജിസ്റ്ററും പരിശോധിച്ചതിൽ നിന്നും നാളിതു വരെ ലഭിച്ച വായ്പ, പലിശ, തിരിച്ചടവ്, ഗ്രാമ ബ്ളോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിക്കാനുള്ള വിഹിതം, ലഭിച്ച തുക എന്നിവ സംബന്ധിച്ച് ഒരു ഏകീകൃത രൂപത്തിൽ കണക്കുകൾ സൂക്ഷിച്ചിട്ടില്ല എന്നത് വ്യക്തമായി. ഹഡ്കോയിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ച് ത്രൈമാസികമായി തുക തിരിച്ചടച്ചുവരുന്നുണ്ട്. എന്നാൽ ഗ്രാമ-ബ്ളോക്ക് പഞ്ചായത്തുകൾ വിഹിതം ലഭ്യമാക്കാത്ത അവസരങ്ങളിൽ തനത്ഫണ്ടിൽ നിന്നും തിരിച്ചടവ് നടത്തുന്നു. ഇതുമൂലം ഗ്രാമ ബ്ളോക്ക് പഞ്ചായത്തുകളിൽ നിന്നും തിരിച്ചടവ് നടത്തിയിട്ടില്ലെങ്കിൽപ്പോലും തുടർ നടപടികളെടുത്ത് വിഹിതം ഈടാക്കുവാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കണമെന്ന് കാണിച്ച് 11.6.2010ന് എൻക്വയറി നൽകിയെങ്കിലും മറുപടി നൽകിയില്ല. വായ്പ സംബന്ധിച്ച വിശദവിവരങ്ങൾ (ആകെ ലഭിച്ച വായ്പ,പഞ്ചായത്തുകൾക്ക് നൽകിയത്, തിരിച്ചടവ്, പഞ്ചായത്തുകളിൽ നിന്ന് ലഭിച്ചത്, തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ളത്, വിവിധ പഞ്ചായത്തുകളിൽ നിന്നും ഇനിയും ലഭിക്കുവാനുള്ള തുക മുതലായവ) തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

Local Fund Audit Department

3-13 **പട്ടികവർഗ്ഗ പദ്ധതി-കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ വൈദ്യൂത ലൈൻ ദീർഘിപ്പിക്കൽ - വിനിയോഗം ഉറപ്പുവരുത്തിയില്ല-**
**ഫയൽ നമ്പർ ഡി.പി.3/4116/08/പ്രോജക്ട് നമ്പർ 175/08**

പട്ടികവർഗ്ഗ പദ്ധതിപ്രകാരം കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ വൈദ്യൂത ലൈൻ ദീർഘിപ്പിക്കൽ പദ്ധതി നടപ്പാക്കുന്നതിനായി 10,57,040/-രൂപ 29.3.2008ൽ എറണാകുളം ജില്ല കളക്ടർക്ക് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തികരണം സംബന്ധിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ മേൽകാണിച്ച പ്രകാരം ചെലവഴിച്ച 10,57,040/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(വൗച്ചർ നമ്പർ 167/3-08)

3-14 **പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ-കേരള വാട്ടർ അതോറിക്ക് മുൻകൂർ തുക-അനുവദിച്ചത് -വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു**.

വിവിധ ഗ്രാമപഞ്ചായത്തുകളിലെ പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കുന്നതിനായി എസ്.സി.പി.വിഭാഗത്തിൽ 4,74,41,250/-രൂപയും ജനറൽ വിഭാഗത്തിൽ 20,85,262/-രൂപയും (ഫയൽ നമ്പർ സി.പി.-6/1863/08/ഡി.പി.6/1865/08)കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് വർക്ക് എന്ന നിലയിൽ നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുമായി ഇത് സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. വിനിയോഗം സംബന്ധിച്ച രേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| എസ്.സി.പി തീയതി | തുക | തുക നൽകിയത് |
|---|---|---|
| 31.3.2008 | 42,37,000 | എക്സി.എഞ്ചീനിയർ, കേരള വാട്ടർ അതോറിറ്റി,മൂവാറ്റുപുഴ |
| ,, | 89,00,000 | ,, ,പിറവം |
| ,, | 51,66,000 | ,, ,ആലുവ |
| ,, | 1,93,48,250 | ,, ,പെരുമ്പാവൂർ |
| ,, | 47,90,000 | ,, ,കൊച്ചി |
| ,, | 50,00,000 | ,, ,തൃപ്പൂണിത്തുറ |
| ആകെ | 4,74,41,250 | |
| ജനറൽ | | |
| 31.3.2008 | 4,45,000 | ,, ,പി.എച്ച്.ഡിവിഷൻ, കൊച്ചി |
| ,, | 14,98,262 | ,, ,മൂവാറ്റുപുഴ |
| ,, | 1,42,000 | ,, , ആലുവ |
| ആകെ | 20,85,262 | |

മേൽകാണിച്ച പ്രകാരം ചെലവഴിച്ച 4,95,26,512/-രൂപയുടെ വിനിയോഗം സംബന്ധിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-15 **<u>മാതൃക അങ്കണവാടികളാക്കി ഉയർത്തൽ-അനുവദിച്ച തുകയുടെ വിനിയോഗവിവരം ലഭ്യമായില്ല- തുക തടസ്സപ്പെടുത്തുന്നു</u>.**

പാറക്കടവ് ബ്ളോക്ക് പഞ്ചായത്തിൽപ്പെട്ട പാറക്കടവ് ഗ്രാമപഞ്ചായത്തിലെ 28 അങ്കണവാടികളെ മാതൃകാ അങ്കണവാടികളായി ഉയർതതുക എന്ന ലക്ഷ്യത്തോടെ 14,00,000/-രൂപ അടങ്കലിൽ ജില്ലാ,ബ്ളോക്ക്,ഗ്രാമപഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായി നിശ്ചയിച്ച് ബ്ളോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതിയുടെ ധനകാര്യ വിശകലനം താഴെ കാണുംവിധമാണ്.

| | |
|---|---|
| പാറക്കടവ് ഗ്രാമപഞ്ചായത്ത് | 3,00,000.00 |
| ,, ബ്ളോക്ക് | 3,00,000.00 |
| എറണാകുളം ജില്ല | 5,00,000.00 |
| സ്പോൺസർഷിപ്പ് വഴി | <u>3,00,000.00</u> |
| ആകെ | 14,00,000.00 |
| | ========== |

ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച മേൽ പദ്ധതിയുടെ നിർവഹണത്തിനായി ജില്ലാ പഞ്ചായത്തിൽ നിന്നും 5,00,000/-രൂപ 25.3.2008ലെ ഡി.പി.15 -1531/08 നമ്പർ ഉത്തരവ് പ്രകാരം പിൻവലിച്ച് പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന് നൽകിയതായി കാണുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് തുക കൈപ്പറ്റിയതായുള്ള രശീതോ,വിനിയോഗം സംബന്ധിച്ച വിവരങ്ങളോ പരിശോധനക്ക് ഹാജരാക്കിയില്ല. ആയതിനാൽ ഈ ഇനത്തിൽ അനുവദിച്ച 5,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

Local Fund Audit Department

### 3-16 മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്-സെന്റ് പാട്രിക് റോഡ് നിർമ്മാണം- മണ്ണ് ഫില്ലിംഗ് അധിക തുക നൽകിയത് അംഗീകരിക്കുന്നില്ല- പ്രോജക്ട് നമ്പർ എസ്.404/2008

| | |
|---|---|
| അടങ്കൽ തുക | - 5,00,000.00 |
| കൺവീനർ | - എം.വൈ.മത്തായി |
| അളവു പുസ്തകം | - 178/2007 |
| കരാർ നമ്പർ | - 22/2007-08/തിയതി 10.1.2008 |

**തുക നൽകിയതിന്റെ വിവരങ്ങൾ**

| | | |
|---|---|---|
| ആകെ പ്രവൃത്തി മൂല്യം | | 4,34,746.12 |
| (+)മൂല്യ വർദ്ധിത നികുതി | | 17,390.00 |
| ക്ഷേമനിധിവിഹിതം | | 4,348.00 |
| ആകെ | | 456,484.00 |
| | | ======== |
| (-) മൂല്യ വർദ്ധിത നികുതി | 17390 | |
| ക്ഷേമ നിധിവിഹിതം | 4348 | |
| കാലിചാക്ക് | 610 | |
| ഭക്ഷ്യധാന്യം | 40903 | 63251.00 |
| | | 393233.00 |
| | | ========= |

മേൽ തുക 31.3.2008ലെ 148939നമ്പർ ചെക്ക് പ്രകാരം കൺവീനർക്ക് നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയിലെ ഇനം 4 പ്രകാരം 1954.123എം$^3$ മണ്ണ് ഫില്ലിംഗ് നടത്തിയതിന് 1335/10എം$^3$പ്രകാരം 2,60,875.42/-രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.എസ്.4(5) പ്രകാരമുള്ള കുറവു വരുത്താതെയാണ് തുക അനുവദിച്ചത്. കെ.എസ്.എസ്പ്രകാരം പവ്വർ റോളർ ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയാൽ പോലും അളവിൽ 5%കുറവ് വരുത്തേണ്ടതാണ്. ആയതിനാൽ 1954.123 $\times^{5}$/100=97.706×1335/10= 13043.77 അതായത് 13,044/-രൂപ ഉത്തരവാദിയായ എഞ്ചിനിയറിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

### 3-17 പദ്ധതി പൂർത്തികരിച്ചില്ല- മൊ.ബിലൈസേഷൻ അഡ്വാൻസ് ഈടാക്കിയതിലെ കുറവ്- നഷ്ടം 15,000/-രൂപ

രായമംഗലം ഗ്രാമപഞ്ചായത്തിലെ മരോട്ടിക്കടവ് നീർത്തട പദ്ധതി നടപ്പിലാക്കുന്നതിനായി 8,32,000/-രൂപ അടങ്കലിൽ ആവിഷ്കരിച്ച പദ്ധതിയാണ് മരോട്ടിക്കടവ് നീർത്തട പദ്ധതി (സാങ്കേതികാനുമതി നമ്പർ 16/07-08/തീയതി 18.2.2008)

പദ്ധതി നടപ്പിലാക്കുന്നതിന് ഗുണഭോക്തൃസമിതി രൂപീകരിക്കുകയും കൺവീനറായ ശ്രീ.പി.വി.കുട്ടപ്പൻ,പുളിയാമ്പിള്ളിൽ,രായമംഗലം എന്ന വ്യക്തിക്ക് 50,000/-രൂപ മൊ.അഡ്വാൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. (ബിൽ നമ്പർ 5/07-08)

Local Fund Audit Department

ഗു.ണഭോക്തൃസമിതിക്ക് നഷ്ടം വരാതെ പ്രവൃത്തി തീർക്കുവാൻ കഴിയില്ല എന്ന് ബോദ്ധ്യപ്പെട്ടതിനാൽ പ്രവൃത്തി തുടർന്ന് നടത്തുവാൻ സാദ്ധ്യമല്ല എന്ന് സമിതി 1.1.2010ൽ തീരുമാനമെടുത്തിട്ടുണ്ട്. പ്രവൃത്തി അവസാനിപ്പിക്കുന്ന വിവരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുമുണ്ട്.

എന്നാൽ 2009-2010വരെ പ്രവൃത്തിക്കായി രണ്ട് ഭാഗിക ബില്ലുകൾ പ്രകാരം തുക അനുവദിച്ചിട്ടുള്ളതായി കാണുന്നു. ടി ബില്ലുകളിൽ നിന്ന് 35,000/-രൂപ മാത്രമാണ് അഡ്വാൻസ് തിരികെ ഈടാക്കിയിട്ടുള്ളത്. തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ഒന്നാംഭാഗിക ബില്ല് | രണ്ടാം ഭാഗിക ബില്ല് |
|---|---|---|
| ബിൽ തുക | 77259 | 28278 |
| നികുതികൾ | 6864 | 2513 |
| മൊ.അഡ്വാൻസ് | 15000 | 20000 |
| കൺവീനർക്ക് നല്കിയത് | 55395 / ബിൽ നമ്പർ 4/08-09 | 5765/ബിൽ നമ്പർ 11/08-09 |

അവശേഷിക്കുന്ന 15,000/-രൂപ അടവാക്കുന്ന തിയതിവരെയുള്ള പലിശസഹിതം (12%)കൺവീനറിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതുമാണ്.

3-18 **<u>അനുമതി ലഭ്യമാക്കാതെ എക്സ്ട്രാ ഇനം പ്രവൃത്തി ചെയ്ത്-ക്രമവിരുദ്ധം</u>**

സർക്കുലർ നമ്പർ 7/2003/സി.ഇ(ആർ. & ബി)യിലെ ഖണ്ഡിക 4 പ്രകാരം സാങ്കേതികാനുമതി നല്കുന്ന അധീകാരസ്ഥാപനത്തിന്റെ രേഖാമൂലമായ അനുമതി ഇല്ലാതെ എക്സ്ട്രാ ഇനം പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുവാൻ അനുമതി ഇല്ലാത്തതാണ്. ശരിയായ അനുമതി ലഭ്യമാക്കാതെ പ്രവൃത്തി നടത്തിയാൽ എക്സ്ട്രാ ഇനം പ്രവൃത്തികൾ ചെയ്ത എഞ്ചീനിയർ അധിക തുക നല്കുന്നതിന് ഉത്തരവാദിയായിരിക്കും എന്ന് സർക്കുലറിൽ വ്യക്തമാക്കിയിട്ടുമുണ്ട്.

ടി നിബന്ധനകൾ പാലിക്കാതെ ജില്ലാ പഞ്ചായത്ത് 2007-08ൽ പ്രവൃത്തികൾ നടത്തിയിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

**<u>വാതക്കാട്- കുറ്റിപ്പാറ റോഡ്-തുറവൂർ ഗ്രാമപഞ്ചായത്ത്</u>**

എസ്.227/08 ആയി 5,80,000/-രൂപ അടങ്കലിൽ പദ്ധതി വിഭാവനം ചെയ്യുകയും പിന്നീട് റീകാസ്റ്റ് എസ്റ്റിമേറ്റ് പ്രകാരം അടങ്കൽ 8,50,000/-രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. (സാങ്കേതികാനുമതി 220/ആർ.ബി.ബി/2006-07/14.3.2007 ഡി.എൽ.റ്റി.സി തുക 8,50,000/-)

റീ കാസ്റ്റ് എസ്റ്റിമേറ്റിൽ താഴെപറയുന്ന ഇനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അപ്പൻഡിക്സ് എ -റോഡിന്റെ 1250മീ × 3 മീ റീ ടാറിംഗ്,പോട്ട്ഹോൾ ഫില്ലിംഗ്,ലെവലിംഗ് അൺഡുലേഷൻ അപ്പൻഡിക്സ് ബി - ആർ.സി.സി.പൈപ്പ് കൾവർട്ട്. എന്നാൽ

Local Fund Audit Department

എക്സ്ട്രാ ഇനങ്ങളായി താഴെപറയുന്ന പ്രവൃത്തികൾ കൂടി നടത്തി തുക നല്കിയിട്ടുണ്ട്.

| ഇനം | പ്രവൃത്തി | അളവ് | തുക |
|---|---|---|---|
| 1 | 300എം2 രണ്ടാംലെയർ മെറ്റലിംഗ് | 300×304/10എം$^2$ | 9120 |
| 2 | ചുവന്ന മണ്ണ് സ്റ്റാകിംഗ് | 4.5എം$^3$ ×220/എം$^3$ | 990 |
| 3 | ചിപ്പിംഗ് കാർപ്പറ്റ്-പുതിയ പ്രതലത്തിൽ | 300×879/10എം$^2$ | 26370 |
| | | | 36480/- |

ഇപ്രകാരം എക്സ്ട്രാ, ഇനങ്ങൾ ചെയ്തതിന് സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടില്ല. എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത സമയത്ത് ഉൾപ്പെടുത്താതിരുന്ന ഇനങ്ങൾ നിർവഹണ സമയത്ത് ഉൾപ്പെടുത്തിയതെങ്ങനെയെന്ന് വ്യക്തമല്ല. ചീഫ് എഞ്ചീനിയറുടെ സർക്കുലറിന് വിരുദ്ധമായി പ്രവൃത്തി നടത്തിയതിന് ബന്ധപ്പെട്ട എഞ്ചിനിയർ വിശദീകരണം ഹാജരാക്കേണ്ടതാണ്. (ചെലവ് തുക 801303-വൗച്ചർ നമ്പർ 262/31.3.2008)

3-19 **<u>പുതുക്കിയ എസ്റ്റിമേറ്റ്/സാങ്കേതിക അനുമതി ഇല്ലാതെ അധിക തുക നൽകിയത്- അംഗീകരിക്കുന്നില്ല. എസ്.ജി.ആർ.വൈ.തട്ടേക്കാട്-തൃക്കേപാറ-പി.എച്ച്.ഡി.റോഡ് നിർമ്മാണം - നഷ്ടം 15,336/-</u>**

എസ്റ്റിമേറ്റ് തുക 2,85,831.00
കൺവീനർ കെ.കെ.പത്മനാഭൻ
അളവു പുസ്തകം 213/2007
കരാർ നമ്പർ 103/2006-07/തിയതി 7.3.2007

**<u>തുക നൽകിയതിന്റെ വിവരങ്ങൾ</u>**

| | | |
|---|---|---|
| ആകെ പ്രവൃത്തി മൂല്യം | | 293236/- |
| മൂല്യവർദ്ധിത നികുതി 4% | 11729- | |
| ക്ഷേമനിധിവിഹിതം | 2932- | <u>14661/-</u> |
| | | 307897/- |
| (-) മുൻകൂർ | 50000- | |
| ധാന്യം | 32160- | |
| മൂല്യവർദ്ധിത നികുതി | 11729- | |
| ക്ഷേമനിധിവിഹിതം | 2932- | |
| കാലിചാക്ക് | 480- | |
| പിഴ | 300- | <u>97601/-</u> |
| | | 210296/- |
| | | ========= |

Local Fund Audit Department

മേൽ തുക 31.3.2008ലെ 148953-ാം നമ്പർ ചെക്ക് പ്രകാരം കൺവീനർക്ക് നൽകിയിട്ടുണ്ട്. പുതുക്കിയ എസ്റ്റീമേറ്റോ സാങ്കേതിക അനുമതിയോ ഇല്ലാതെയാണ് കരാറിൽ നിന്നും അധികരിച്ച് തുക കൺവീനർക്ക് നൽകിയിട്ടുള്ളത് ആയതിനാൽ താഴെ കാണുംപ്രകാരം അധികം നൽകിയ തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

| | | |
|---|---|---|
| ആകെ പ്രവൃത്തി മൂല്യം | | 285831/- |
| പരിമിതപ്പെടുത്തേണ്ടത് (+)മൂല്യവർദ്ധിതനികുതി | 11433 | |
| ക്ഷേമ നിധിവിഹിതം | 2858 | 14291/- |
| | | 300122/- |

| | | |
|---|---|---|
| (-)മുൻകൂർ | 50000 | |
| ധാന്യം | 32160 | |
| മൂല്യവർദ്ധിത നികുതി | 11433 | |
| ക്ഷേമനിധിവിഹിതം | 2858 | |
| കാലിചാക്ക് | 480 | |
| പിഴ | 300 | 97231/- |
| നൽകാവുന്ന തുക | | 202891/- |
| | | ========= |

അധികം നൽകിയ തുക 2,10,296-202891= 7405/-രൂപ

മേൽ പ്രവൃത്തിയിലെ ഇനം 9 പ്രകാരം 1583എം$^3$ മണ്ണ് ഫില്ലിംഗ് നടത്തിയതിന് 1002/10എ$^3$ പ്രകാരം 1,58,616.60രൂപ അനുവദിച്ചിട്ടുണ്ട്. കെ.എസ്.എസ്. 4-5 പ്രകാരം പവ്വർറോളർ ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയാൽ പോലും 5% കുറവ് വരുത്തേണ്ടതാണ്. ആയതിനാൽ ഈ ഇനത്തിൽ അധികം നൽകിയ 1583 ×$^5$/1002 × 100$^2$/10= 7930.83 അതായത് 7931/-രൂപ ഉത്തരവാദിയായ എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

3-20 **എസ്.ജി.ആർ.വൈ.പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ ശങ്കരാടിത്തറ കോളനി ചിറ സംരക്ഷണം**

| | |
|---|---|
| എസ്റ്റിമേറ്റ് തുക | 596200/- |
| കൺവീനർ | ശ്രീ.പി.സി.രാജൻ,പനക്കൽ ഹൗസ്,ചെറായി |
| അളവുപുസ്തകം | 183/2008 |
| കരാർ നമ്പർ | 42/ഇ.ഇ/എൽ.എസ്.ജി.ഡി/2006-2007/ തിയതി:4.11.2006 |

<u>തുക നൽകിയതിന്റെ വിവരങ്ങൾ</u>

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 565216.00 |
| (+) മൂല്യവർദ്ധിത നികുതി | 22609.00 |
| ക്ഷേമനിധിവിഹിതം | 5652.00 |
| ആകെ | 593477.00 |
| | =========== |

Local Fund Audit Department

| | | |
|---|---|---|
| (-)മൊ.അഡ്വാൻസ് | 50000 | |
| ഭക്ഷ്യധാന്യം | 50968 | |
| മൂല്യവർദ്ധിത നികുതി | 22609 | |
| ക്ഷേമനിധിവിഹിതം | 5652 | |
| കാലിച്ചാക്കിന്റെ വില | 927 | |
| പിഴ | 500 | 455470.00 |
| ആകെ | | 138007.00 |
| | | ========= |

മേൽ തുക 26.3.2008ലെ 148927-ാം നമ്പർ ചെക്ക് പ്രകാരം കൺവീനർക്ക് നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയിലെ ഇനം 4 പ്രകാരം 635.98ഘനമീറ്റർ മണ്ണ് ഫില്ലിംഗ് നടത്തിയതിന് ഒരു ക്യൂ.മീറ്ററിന് 217/-രൂപ പ്രകാരം 1,38,007.66രൂപ അനുവദിച്ചിട്ടുണ്ട്. നിരക്കിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമായിരുന്നില്ല. 2004ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം മണ്ണ് ഫില്ലിംഗിന് അനുവദനീയമായ നിരക്ക് താഴെ കാണുംവിധമാണ്.

10എം$^3$ന്

| | | |
|---|---|---|
| 0.9പുരുഷൻ @ 110 | | 99.00 |
| 2.75 കുട്ടി | 82.50 | 226.87 |
| കടത്തുകൂലി 5കി.മി | | 798.00 |
| | | 1123.87 |
| (-)ലീഡ് ലിഫ്റ്റ് | | 189.00 |
| | | 934.87 |
| അതായത് 935/10എം$^3$ | 93.50/എം$^3$ | |
| | =========== | |

അനുവദിച്ച നിരക്കിന്റെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ താഴെപ്പറയും പ്രകാരം അധികം നൽകിയതായി കണക്കാക്കുന്ന 78544/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| അനുവദിച്ച നിരക്ക് | 217/-രൂപ/എം$^3$ |
| അനുവദനീയമായ നിരക്ക് | 93.50രൂപ/എം$^3$ |
| അധികം നൽകിയ നിരക്ക് | 123.50/-രൂപ |
| മണ്ണ് ഫില്ലിംഗ് നടത്തിയ അളവ് | - 635.98എം$^3$ |
| അധികം നൽകിയ തുക | 635.98എം$^3$ @123.50രൂപ/എം$^3$ = 78544/-രൂപ |

==========

3-21 **എസ്.ജി.ആർ.വൈ,കയ്യൂന്നിയിൽ എസ്.സി,കോളനി വികസന പദ്ധതി (പ്രോജക്ട് നമ്പർ എസ്.682/07) ഭക്ഷ്യധാന്യ വില കുറവ് ഈടാക്കിയത്**

2,50,000/-അടങ്കലിൽ കൺവീനർ ശ്രീ.മനോജ്,ഏറ്റെടുത്ത മേൽ പദ്ധതിയ്ക്ക് ധാന്യവിഹിതമായി 19.12.2007ന് 3858കി.ഗ്രാം ഗോതമ്പ് വിതരണം ചെയ്തിട്ടുണ്ട് (സ്റ്റോക്ക് രജിസ്റ്റർ പേജ് 9) 4/2007 മുതൽ സർക്കാർ ഗോതമ്പിന്റെ വില കി.ഗ്രാമിന് 6.70 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. എങ്കിലും 5.50രൂപ പ്രകാരമാണ് കൺവീനറിൽ നിന്നും

Local Fund Audit Department

ഈടാക്കിയത്. ഈ ഇനത്തിൽ കുറവായി ഈടാക്കിയ 6.70−5.50=1.20×3858=4629.60 അതായത് 4,630/-രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കണം കരാർ നമ്പർ 49/06−07തിയതി 7.11.2008.

**<u>തുക നൽകിയതിന്റെ വിവരങ്ങൾ</u>**

| | | |
|---|---|---|
| ആകെ പ്രവൃത്തി മൂല്യം | | 235848.00 |
| ധാന്യവില 5.50×3858 | | <u>21219.00</u> |
| | | 214629.00 |
| (−)മുൻകൂർ | 500000− | |
| കാലി ചാക്ക് | 386− | <u>50386.00</u> |
| കൺവീനർക്ക് നൽകിയത് | | 164243.00 ചെക്ക് നമ്പർ <u>148912</u> |
| (കെ.എം.മനോജ്) | | 21.12.2007 |

2 **<u>മാറാടി പെരുംതോട് കടുവേലിപ്പാടം സംരക്ഷണം</u>**

**<u>പ്രോജക്ട് നമ്പർ എസ്.561/06(മാറാടി ഗ്രാമപഞ്ചായത്ത്</u>**

| | |
|---|---|
| അടങ്കൽ തുക | 200000.00 |
| കൺവീനർ | കുര്യൻ പൗലോസ് |
| അളവപുസ്തകം | 3/2007 |
| കരാർ നമ്പർ | 15/06−07 തിയതി 17.8.2006 |

**<u>തുക നൽകിയതിന്റെ വിവരങ്ങൾ</u>**

| | | | |
|---|---|---|---|
| ആകെ പ്രവൃത്തി മൂല്യം | | 178979.00 | |
| ഭക്ഷ്യധാന്യം 2928 ×5.50 | | <u>16104.00</u> | |
| | | 162875.00 | |
| | | ========= | |
| മുൻകൂർ | 50000− | | |
| ഫൈൻ | 500− | | |
| കാലിചാക്ക് | 290− | <u>50790.00</u> | |
| | | 112085.00 | <u>148905</u> |
| | | | 11.10.2007 |

മേൽ പ്രവൃത്തിയ്ക്ക് 2928കി.ഗ്രാം ഗോതമ്പ് നൽകിയിട്ടുണ്ട്. ആയതിന് 5.50 രൂപ നിരക്കിലാണ് വില ഈടാക്കിയത് (പേജ് 7) ഈ ഇനത്തിൽ കുറവായി ഈടാക്കിയ 1.20 ×2928= 3513.60 അതായത് 3,514/-രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

3−22 **<u>എസ്.ജി.ആർ.വൈ−ചെങ്ങേത്തുകടവ്− പാലക്കത്തോട്</u>**

**<u>ആഴം കൂട്ടൽ പ്രോജക്ട് നമ്പർ എസ്.644/07</u>**

Local Fund Audit Department

| | | |
|---|---|---|
| അടങ്കൽ തുക | 460000.00 | |
| കൺവീനർ | എ.ആർ.റൈജു | |
| അളവു പുസ്തകം | 1204/2006 | |

<u>തുക നൽകിയതിന്റെ വിവരങ്ങൾ</u>

| | | |
|---|---|---|
| ആകെ പ്രവൃത്തി മൂല്യം | | 454537.00 |
| ഭക്ഷ്യധാന്യം അനുവദിച്ചത് | | 50000.00 |
| | | 404537.00 |
| പിഴ | 300 | |
| ചാക്കിന്റെ വില | 806 | 1106.00 |
| | | 403431.00 |
| | | ========= |

മേൽ തുക 29.12.2007ൽ 156/07-08 നമ്പർ ബിൽ പ്രകാരം കൺവീനർ ശ്രീ.റൈജുവിനു നൽകി,എസ്.ജി.ആർ.വൈ.അക്കൗണ്ടിൽ മതിയായ നീക്കിയിരുപ്പ് ഉണ്ടായിരിക്കെ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും തുക കൺവീനർക്ക് നൽകിയതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

3-23 **<u>എസ്.ജി.ആർ.വൈ-പൂർത്തികരിക്കാത്ത പദ്ധതികൾ</u>**

1 പ്രോജക്ട് നമ്പർ എസ്.611/07/തിരുവാണിയൂർ കണ്യാട്ടു നിരപ്പ് റോഡ് നിർമ്മാണം

ജില്ലാ പഞ്ചായത്തിന്റെ പുത്തൻകുരിശ് ഡിവിഷനിൽപ്പെട്ട തിരുവാണിയൂർ കണ്യാട്ടുനിരപ്പ് റോഡിന്റെ നിർമ്മാണത്തിനായി 2006-07 ൽ 5,00,000/-രൂപ വകയിരുത്തുകയും കൺവീനറായി തെരെഞ്ഞെടുത്ത ശ്രീ.സി.ആർ.ജയപ്രകാശിന് 500000/-രൂപ മുൻകൂർ അനുവദിക്കുകയും ചെയ്തു. (ചെക്ക് നമ്പർ 081873/തിയതി:20.2.2007) എസ്റ്റിമേറ്റ് പ്രകാരം 13 ഇനങ്ങൾ ഉൾപ്പെട്ട പദ്ധതിയിൽ ഓഡിറ്റ് വർഷത്തിൽ 2 ഇനങ്ങൾ മാത്രം പൂർത്തിയാക്കി 95,991/-രൂപയുടെ ഭാഗികബില്ല് സമർപ്പിക്കുകയുണ്ടായി. മേൽ തുകയിൽ നിന്നും ധാന്യവിലയായി 10,512/-രൂപയും മുൻകൂർ നൽകിയ 50,000/-രൂപയും കഴിച്ച് 35,319/-രൂപ 31.3.2008ലെ 148945-ാം നമ്പർ ചെക്ക് പ്രകാരം കൺവീനർക്ക് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ പദ്ധതി പൂർത്തീകരിച്ചതായി കാണുന്നില്ല. അളവു പുസ്തകം പരിശോധനക്ക് ഹാജരാക്കിയില്ല. (അളവുപുസ്തകം നമ്പർ 313/07)പ്രവൃത്തി പൂർത്തികരിയ്ക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. വിശദീകരണം ലഭിയ്ക്കുന്നതുവരെ തുക തടസ്സപ്പെടുത്തുന്നു.

2) **<u>പ്രോജക്ട് നമ്പർ എസ്.599/2007/കുന്നിശ്ശേരി പുത്തൻതോട്- റോഡ് നിർമ്മാണം</u>**

2006-07ൽ 5,00,000/-രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതിയുടെ കൺവീനറായി ശ്രീ.ടി.വി.ദേവസിയെ തെരഞ്ഞെടുക്കുകയും മുൻകൂറായി 50,000/-രൂപ 6.3.2007ലെ 08/885-ാം നമ്പർ ചെക്ക് പ്രകാരം അനുവദിക്കുകയും ചെയ്തു. എന്നാൽ 3/08ൽ 1,19,034.96രൂപ മൂല്യംവരുന്ന ഒരു പാർട്ട് ബിൽ തയ്യാറാക്കി സമർപ്പിക്കുകയും അതിൽ നിന്നും മുൻകൂർ നൽകിയ തുകയും ധാന്യവിലയും കഴിച്ച് 58,324/-രൂപ 31.3.2008ന് നൽകുകയും ചെയ്തെങ്കിലും (ചെക്ക് നമ്പർ 148936)പ്രവൃത്തി പൂർത്തിയാക്കിയതായി

Local Fund Audit Department

കാണുന്നില്ല. അളവുപുസ്തകം 58/2007 പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്തില്ല. പ്രവൃത്തി പൂർത്തികരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. വിശദീകരണം ലഭിക്കുന്നതുവരെ ഈ ഇനത്തിൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-24 **എസ്.ജി.ആർ.വൈ.വിഹിതം വിനിയോഗിയ്ക്കാതെ ലാപ്സാക്കി**

കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്.ജി.ആർ.വൈ.പദ്ധതി സംബന്ധിച്ച ക്യാഷ് ബുക്ക് പരിശോധിച്ചതിൽ തൻവർഷം മുന്നിരിപ്പ് ഉൾപ്പെടെ ലഭ്യമായ 3,15,42,383/-രൂപയിൽ തൻവർഷം ചെലവഴിച്ച 1,52,35,600/-രൂപ കഴിച്ച് 1,63,06,783/-രൂപ വിനിയോഗിക്കാതെ ലാപ്സാക്കി. 31.3.2008ന് ശേഷം പദ്ധതി നിർത്തലാക്കിയതിനാൽ മേൽ തുക പ്രോജക്ട് ഡയറക്ടർ പി.എ.യു എറണാകുളം പേർക്ക് തിരികെ നൽകുകയുണ്ടായി. 31.3.2008ൽ വിനിയോഗിക്കുവാൻ ബാക്കിയുണ്ടായിരുന്ന 2928.982 ടൺ അരി 536.188ടൺ ഗോതമ്പ് ഇവയിൽ നിന്നും 2008-2009 വിനിയോഗിച്ചതു കഴിച്ച് 2139.088 ടൺ അരിയും 5.786ടൺ ഗോതമ്പും അവശേഷിക്കുകയുണ്ടായി. പദ്ധതി നിർത്തലാക്കിയതിനാൽ ഈ ദക്ഷ്യധാന്യവും വിനിയോഗിയ്ക്കുവാൻകഴിഞ്ഞിട്ടില്ല. സമയബന്ധിതമായി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാതെ ജില്ലയിലെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാമായിരുന്ന തുകയും, ഭക്ഷ്യധാന്യവും ലാപ്സാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

3-25 **പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല-**

ഓഡിറ്റ് വർഷത്തിൽ എറണാകുളം ജില്ലാ പഞ്ചായത്തു കമ്മിറ്റിയുടെ താഴെ പറയുന്ന തീരുമാനങ്ങളിൽ സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ട്കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല. ബന്ധപ്പെട്ട ഫയലുകളും ഓഡിറ്റിൽ ഹാജരാക്കുകയുണ്ടായില്ല.

(1) തിരുമാനം നമ്പർ 1C(6)തിയതി 31.7.2007

പോത്താനിക്കാട് ജി.ഡി.ഐ.കെട്ടിടം ചേർന്ന് ഒലിക്കുകയാണെന്നും കെട്ടിടം ചോർന്ന് ഒലിക്കുകയാണെന്നും കെട്ടിട നിർമ്മാണത്തിൽ ഗുരുതരമായ വീഴ്ചയുണ്ടായിട്ടുണ്ടെന്നും മെമ്പർ അസീസ് റാവുത്തർ റിപ്പോർട്ട് ചെയ്തു. ആയതിനാൽ കരാറുകാരന്റെ സെക്യൂരിറ്റി/ഇ.എം.ഡി.തടഞ്ഞുവെക്കുവാൻ എഞ്ചിനിയർക്ക് നിർദ്ദേശം നൽകുവാനും നിർമ്മാണ പ്രവൃത്തിക്ക് ചുമതല വഹിച്ച എ.ഇ,എ.എക്സ്.ഇ എന്നിവരുടെ പേരിൽ നടപടി സ്വീകരിക്കുവാനും തീരുമാനിച്ചു.

(ii) തിരുമാനം നമ്പർ 1 d(4)തിയതി 22.8.2007

മണീട് ഗവ.വെ.ഹയർ സെക്കന്ററി സ്കൂളിലെ അറ്റകുറ്റപ്പണികൾക്കായി 2004-05 വർഷത്തെ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 3 പ്രവർത്തികൾക്കായി 2,20,000/-രൂപ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടുണ്ട്. സമർപ്പിച്ച പാർട്ട്ബില്ലുകളുടെ തുക വളരെ കുറവായിരുന്നതിനാൽ മൊബിലൈസേഷൻ അഡ്വാൻസ് തിരികെ പിടിക്കുവാൻ

Local Fund Audit Department

സാദ്ധ്യമല്ലാതിരുന്ന സാഹചര്യത്തിൽ പാർട്ട് ബില്ല് പാസ്സാക്കുവാൻ കഴിഞ്ഞില്ല.സ്കൂളധികൃതരുടെ ഭാഗത്തുനിന്ന് പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകുവാൻ നടപടികൾ ഉണ്ടാകാതിരുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ടവരോട് സ്റ്റാ.കമ്മിറ്റിയിൽ ഹാജരാക്കുവാൻ ആവശ്യപ്പെടുകയും മുടങ്ങിക്കിടന്നിരുന്ന പ്രവൃത്തികളുടെ പൂർത്തികരണ സാദ്ധ്യതയെപ്പറ്റി കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും പ്രശ്നം ഡിവിഷൻ മെമ്പറുടെ ശ്രദ്ധയിൽപ്പെടുത്തി അഭിപ്രായം ആരായുകയും ചെയ്തു. ചെയ്തിടത്തോടം പ്രവൃത്തിയുടെ ബിൽ തയ്യാറാക്കുന്നതിന് എക്സി.എഞ്ചിനിയറെ ചുമതലപ്പെടുത്തുവാനും. അപ്രകാരം ബിൽ ലഭിച്ചതിനുശേഷം ബാക്കി തുകയുടെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിയ്ക്കുവാനും തിരുമാനിച്ചു.

(iii) തീരുമാനം നമ്പർ Ib(10)തിയതി 23.10.2007

എറണാകുളം ജില്ലാ ആയൂർവേദ ആശുപത്രികെട്ടിടത്തിന്റെ നിർമ്മാണ കരാർ ഏറ്റെടുത്ത സി.സി.ആന്റണി ജേക്കബ് പ്രവൃത്തി ആരംഭിക്കാതിരുന്നതിനാൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തിയാക്കുവാൻ തരിരുമാനിച്ചു.

(iv) തിരുമാനം നമ്പർ Iഎ(6)തിയതി 14.12.2007

മൂടിക്കൽ ഗവ.ഹയർസെക്കന്ററി സ്കൂൾ കെട്ടിടത്തിലെ പട്ടികകൾ ലേലം ചെയ്യാനാവാത്ത വിധം ചിതലരിച്ചുപോയതിനാൽ ഉത്തരവാദിയായവരിൽ നിന്നും 5,040/-രൂപ ഈടാക്കുവാൻ തിരുമാനിച്ചു.

(v) തിരുമാനം നമ്പർ Iബി (9) തിയതി: 5.9.2007

മുളന്തുരുത്തി ഗവ.ഹയർ സെക്കന്ററി സ്കൂളിലെ പഴയ കെട്ടിടം ലേലം ചെയ്ത വകയിൽ 83,500/-രൂപയും ഉറപ്പിച്ചു അംഗീകരിച്ചു. (തുക ഈടാക്കിയിട്ടുണ്ടെങ്കിൽ രസീതു നമ്പർ തിയതി സഹിതം അറിയിക്കുക).

(vi) തിരുമാനം നമ്പർ Id(6)തിയതി 14.12.2007

2005-06 വർഷം SSA അപദ്ധതിയിൽപ്പെടുത്തിയിരുന്ന സ്കൂളുകൾക്ക് ക്ളാസ്സ് മുറി പണിയുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും വിവിധ കാരണങ്ങളാൽ സ്കൂളുകൾ പ്രവൃത്തി തുടങ്ങിയിട്ടില്ല. 2007 ഡിസംബർ 31നകം പണി പൂർത്തികരിക്കുവാൻ സാദ്ധ്യതയില്ലെങ്കിൽ തുക തിരികെയടയ്ക്കണമെന്ന് SSAനിർദ്ദേശിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ അഡ്വാൻസ് തുക കൈപ്പറ്റിയ സ്കൂളുകളോട് ജില്ലാ പഞ്ചായത്തിൽ തുക തിരികെ അടയ്ക്കുന്നതിനും കൂടാതെ ബന്ധപ്പെട്ട സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനത്തിനായി SSA ജില്ലാ പഞ്ചായത്തിനു നൽകിയ തുക SSAക്ക് തിരികെ നൽകുന്നതിനും തിരുമാനിച്ചു.

2005-2006

| | |
|---|---|
| ചെറുവട്ടൂർ ജി.എച്ച്.എ | 2,40,000/- |
| പേഴയ്ക്കപ്പിള്ളി | 2,40,000/- |
| പാലക്കുഴ | 2,40,000/- |
| കൈതാരം | 2,40,000/- |

Local Fund Audit Department

| | |
|---|---|
| ആകെ | 9,60,000/- |
| | ======== |

2006-2007

| | |
|---|---|
| ചേരാനെല്ലൂർ ജി.എച്ച്.എസ്.എസ് | 3,20,000.00 |
| പൂത്തൃക്ക | 3,20,000.00 |
| തൃക്കാക്കര ജി.വി.എച്ച്.എസ്.എസ് | 3,20,000.00 |
| പുതിയകാവ് ജി.എച്ച്.എസ്.എസ് | 3,20,000.00 |
| കൈതാരം | 3,20,000.00 |
| ആകെ | 16,00,000.00 |
| | ========= |

(vii) തിരുമാനം നമ്പർ Iബി(3)തിയതി 10.12.2007

2004-2005 വർഷത്തിലെ സ്പിൽ ഓവർ പദ്ധതിയായ മഞ്ഞപ്ര ഗ്രാമപഞ്ചായ ത്തിലെ ആനപ്പാറ എലവന്തിറോഡ് പ്രവൃത്തിയുടെ അന്തിമബില്ല് പ്രകാരം 78,038/-രൂപ അനുവദിക്കേണ്ടതുണ്ട്. എന്നാൽ ടി കരാറുകാരൻ ഏറ്റെടുത്ത ചേപ്പനം ചാത്തമ്മ റോഡ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് 1,46,367/-രൂപയുടെ ബാദ്ധ്യത നിലവിലുണ്ട്. ഈ സാഹച ര്യത്തിൽ കരാറുകാരന് അനുവദിക്കേണ്ട 78,038/-രൂപയും സെക്യൂരിറ്റി തുകയായ 30,350/-രൂപയും ചേർത്ത് ആകെ 1,08,388/-രൂപ ജില്ലാ പഞ്ചായത്തിലേയ്ക്ക് മുതൽ കൂട്ടു വാനും ബാക്കി തുകയായ 37,979/-രൂപ കരാറുകാരനിൽ നിന്നും തിരികെ പിടിക്കുവാ നുള്ള നടപടി സ്വീകരിയ്ക്കുവാനും തിരുമാനിച്ചു.

(viii) തിരുമാനം നമ്പർ 2(1)തീയതി 19.12.2007

കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ കണിയാംകുന്ന് ഹരിജൻ കോളനി ലിഫ്റ്റ് ഇഴിഗേഷൻ സ്കീം 98-99വർഷം ആസൂത്രണ പദ്ധതിയിൽ ഏറ്റെടുത്ത പ്രവൃത്തിക്ക് 50,000/-രൂപ മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയെങ്കിലും യാതൊരു വേലയും ചെയ്തിട്ടില്ലാത്ത്തിനാൽ തുക തിരികെ ഈടാക്കുവാൻ തിരുമാനിച്ചു. കൺവീനർ കെ.എച്ച്.ശിവൻ പുതുവേൽ കണിയാൻകുന്ന് യു.സി.കോളേജ് ആലുവ കരാർ വച്ച 31.3.99 മുതൽ 18% പലിശയോടുകൂടി റവന്യൂ നടപടി എടുക്കുവാൻ ജില്ലാ കളക്ടറോട് അഭ്യർത്ഥിക്കുവാൻ തിരുമാനിച്ചു.

(ix) തിരുമാനം നമ്പർ I എ I(10)തിയതി 17.1.2008

തിരുവാണിയൂർ ഗ്രാമപഞ്ചായത്തിൽ 1999ൽ ആരംഭിച്ച നിരാമുകൾ പൊതന ക്കുഴി കുടിവെള്ളപദ്ധതി കൺവീനറായ ശ്രീ.പി.വി.ജോസഫിന് അഡ്വാൻസ് ആയി 75,000/-രൂപ നൽകിയിട്ടും പ്രവൃത്തികൾ ഒന്നും ചെയ്തിട്ടില്ലാത്തതിനാൽ ടിയാൾക്കെ തിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനും ടി പ്രവൃത്തിയുടെ സാങ്കേ തിക കാര്യങ്ങൾ ഏല്പിച്ചിരുന്ന പ്രൈവറ്റ് എഞ്ചിനിയർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാനും സെക്രട്ടറിയെ ചുമതലപ്പെടുത്തി.

ജില്ലാ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി സാമ്പത്തിക ക്രമ ക്കേടുകൾ നടത്തിയവർക്കെതിരെ പഞ്ചായത്തുകമ്മിറ്റിയുടെ തിരുമാനമുണ്ടായിട്ടും

Local Fund Audit Department

ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. മേൽപ്പറഞ്ഞ കാര്യങ്ങളിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം 4

## ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനം

(4-1) വായ്പ/വായ്പ തിരിച്ചടവ് :

ഓഡിറ്റ് വർഷം പഞ്ചായത്തിന് ഹഡ്കോ വായ്പയിനത്തിൽ 5,59,61,795/-രൂപ വരവുണ്ട്. എന്നാൽ ആകെ വായ്പ,തിരിച്ചടവ്, ബാക്കി നിൽക്കുന്ന തുക എന്നിവ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇവ സംബന്ധിച്ച വിശദവിവരങ്ങൾ ചേർക്കുവാൻ നിർവാഹമില്ല. (ഖ.3/12 കാണുക)

(4-2) സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | 25,00,000.00 |
| ആകെ | 25,00,000.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 25,00,000.00 |

============

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| എസ്.ബി.ടി.കാക്കനാട് | 25,00,000/- |
| ആകെ | 2,500,000/- |

(4-3) സർക്കാരിലേക്കും മറ്റുസ്ഥാപനങ്ങളിലെക്കും ഒടുക്കുവാനുള്ള തുകകൾ

കേന്ദ്ര സംസ്ഥാന സർക്കാരുകളിലേക്കും മറ്റ് വിവിധ സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനായി പിരിച്ചിട്ടുള്ളതും ഒടുക്കിയതും ഒടുക്കുവാൻ ബാക്കി നിൽക്കുന്നതുമായ തുകകളുടെ വിശദ വിവരം താഴെ കൊടുന്നു.

| ഇനം | മുന്നിരിപ്പ് | പിരിച്ച തുക | ആകെ | തന്നാണ്ടിൽ ഒടുക്കിയ തുക | വർഷാവസാനം ഒടുക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ആദായ നികുതി | ഇല്ല | 1314633 | 1314633 | 1314633 | ഇല്ല |
| വിൽപ്പന /വാങ്ങൽ നികുതി | 183039 | 1387588 | 1570627 | 1387588 | 183039 |
| നി.തൊ.ക്ഷേമ | 181893 | 633735 | 815628 | 633735 | 181893 |

Local Fund Audit Department

| | | | | | |
|---|---|---|---|---|---|
| നിധിവിഹിതം | | | | | |

(4-4) ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

**(4-6 )ഓഡിറ്റ് പ്രത്യലോകനം**

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് : 350374613/-

ഓഡിറ്റ് വർഷത്തെ ആകെ ചെലവ് : 305700707/-

വരവിനങ്ങളിലുള്ള നഷ്ടം : 15813/-

ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ

അംഗീകരിക്കാത്ത തുക : 199261/-

തടസ്സപ്പെടുത്തിയ തുക : 69828198/-

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 125497 | ശ്രീ.ജി.സുകുമാരൻ,സെക്രട്ടറി |
| 3-2 | | 21140 | ,, |
| 3-3 | | 400 | ,, |
| 3-5 | | 700 | ,, |
| 3-16 | | 13044 | ,, |
| 3-17 | | 15000 | കെ.ബി.സുധീർ,ജില്ലാ സോയിൽ കൺസർവേഷർ ഓഫീസർ |
| 3-19 | | 7405<br>7931 | കെ.വി.രഗ,എക്സി.എഞ്ചിനിയർ |
| 3-21(1) | | 4630 | ,, |
| (2) | | 3514 | ,, |
| | | 199261 | |

Local Fund Audit Department

**സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഖണ്ഡിക നം നഷ്ടമായ തുക ഉത്തരവാദിയായ ആളുടെ പേരും**

ഉദ്യോഗപ്പേരും

2-5(1) 4000- ജി.സുകുമാരൻ,സെക്രട്ടറി

(2) 7625-

(3) 4188-

ഡി) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായ

ഖണ്ഡിക നമ്പർ 3-12

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെഔദ്യോഗിക മേൽവിലാസം) | സ്ഥിരംമേൽവിലാസം |
|---|---|---|
| ജി.സുകുമാരൻ,സെക്രട്ടറി | റിട്ട.സെക്രട്ടറി | തെക്കേടത്ത് വീട്, പുല്ലൂറ്റ് പി.ഒ, കൊടുങ്ങല്ലൂർ |
| കെ.വി.രമ, റിട്ട.എക്സി.എഞ്ചീനിയർ, | | അമ്പാടിമൂല കാക്കനാട് 682030 |
| കെ.ബി.സുധീർ, | ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസ് | ലഭ്യമല്ല |

Local Fund Audit Department

(4-7) തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ്സ |
|---|---|---|
| 1996-97 | എൽ.എഫ്.ഇ(സി1)310/05/തീയതി 5.12.2005 | |
| 1997-98 | എൽ.എഫ്.ഇ(സി1)458/03/തീയതി 4.10.2006 | |
| 1998-99 | എൽ.എഫ്.ഇ(സി1)396/10/തീയതി 10.5.2010 | |
| 1999-2000 | എൽ.എഫ്.ഇ(സി1)162/05/തീയതി 2.11.2006 | |
| 2000-2001 | എൽ.എഫ്.ഇ(സി1)1308(2)/04/തീയതി 30.1.2008 | |
| 2001-2002 | എൽ.എഫ്.ഇ(സി1)725(1)/2006/തീയതി 5.2.2008 | |
| 2002-2003 | എൽ.എഫ്.ഇ(സി1)736/2009/തീയതിയ 10.3.2010 | |
| 2003-2004 | എൽ.എഫ്.ഇ(സി1)353(1)/2009/തീയതി 8.4.2009 | |
| 2004-2005 | ടി സി1/797/08/27.10.2010 | |
| 2005-2006 | ടി സി1/1202/2009/തിയതി 28.10.2010 | |

| | | | |
|---|---|---|---|
| 2006-2007 | ടി | സി1/442/2010/തിയതി 30.12.2011/6.3.2012 | |

**അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.**

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**എറണാകുളം ജില്ല ലോക്കൽ ഫണ്ട് ഓഡിറ്റ്**

എസ്/-

Local Fund Audit Department

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലാപഞ്ചായത്തിന്റെ 2007-2008 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഓഡിറ്റ് പ്രത്യവലോകനം ഖണ്ഡിക 4-5ൽ വിശദീകരിച്ചിട്ടുള്ളതുപോലെ വരവിനങ്ങളിൽ 15,813/-രൂപയുടെ നഷ്ടവും, ചെലവിനത്തിൽ 1,99,261/-രൂപയുടെ നഷ്ടവും 6,98,28,198/-രൂപയുടെ ഓഡിറ്റ് തടസ്സവും ഒഴിച്ചാൽ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 22007-08 ലെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും, 2003 ജൂൺ 12ലെ 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

Local Fund Audit Department

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**ലോക്കൽ ഫണ്ട് ഓഡിറ്റ്, എറണാകുളം**

എസ്/-